**അടിയന്തരപ്രമേയം**

പരിസ്ഥിതി സംരക്ഷണവും പുതിയ ഭൂനയം രൂപീകരിക്കലും

മി. സ്പീക്കർ: സംസ്ഥാനത്ത് നവംബർ 11 മുതൽ തീവ്ര മഴ മുന്നറിയിപ്പ് ലഭിച്ച സാഹചര്യത്തിലും ഐക്യരാഷ്ട്ര സഭയുടെ ഇന്റർ ഗവൺമെന്റൽ പാനൽ ഓൺ ക്ലൈമറ്റ് ചേഞ്ച് (ഐ.പി.സി.സി) റിപ്പോർട്ടിൽ കാലാവസ്ഥാ വ്യതിയാനത്തിന്റെ അപകടകരമായ അവസ്ഥയിലുള്ള സ്ഥലമായി കേരളത്തെ രേഖപ്പെടുത്തിയിരിക്കുന്നതിനാലും കഴിഞ്ഞ വർഷങ്ങളിൽ നിരവധി പ്രകൃതി ദുരന്തങ്ങൾ ഉണ്ടായതുമൂലവും സംസ്ഥാനത്തുളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതര സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. സി. വിഷ്ണുനാഥ്, പി. കെ. ബഷീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, വളരെ പ്രധാനപ്പെട്ട വിഷയം തന്നെയാണ് ഇവിടെ ഉന്നയിച്ചിട്ടുള്ളത്. ഇതുപോലുള്ള കാര്യങ്ങൾ സാധാരണ അടിയന്തരപ്രമേയ രീതിയിലാണോ എടുക്കേണ്ടതെന്നത് ഒരു

സംശയമായി നിലനിൽക്കുന്നുണ്ട്. രാവിലെ 7:00, 7:30 ആകുമ്പോൾ അടിയന്തരപ്രമേയം എഴുതി തന്ന് അടിയന്തരപ്രമേയാവതരണ സമയത്ത് മറുപടി പറയുന്ന രീതിയാണ് സാധാരണ നിലവിലുള്ളത്. അങ്ങനെ കൈകാര്യം ചെയ്യേണ്ട ഒരു വിഷയമാണോ ഇത്? ഇത് കുറച്ചുദിവസം മുൻപുതന്നെ എഴുതി നൽകി തയ്യാറെടുപ്പ് നടത്തി മറുപടി പറയുന്നതല്ലേ ഉചിതമാകുകയെന്നത് പൊതുവിൽ ആലോചിക്കേണ്ട കാര്യമാണെന്നാണ് എനിക്ക് തോന്നുന്നത്.

കാലാവസ്ഥാവ്യതിയാനം സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് ലോക രാഷ്ട്രങ്ങൾ തന്നെ ചർച്ച ചെയ്യുന്ന അവസരമാണിത്. ഇംഗ്ലണ്ടിലെ ഗ്ലാസ്ഗോയിൽ ലോക രാഷ്ട്രങ്ങളുടെ ഉന്നതതലയോഗം നടക്കുകയാണ്. ഇന്റർ ഗവൺമെന്റൽ പാനൽ ഓൺ ക്ലൈമറ്റ് ചേഞ്ച് (ഐ.പി.സി.സി) ഐക്യരാഷ്ട്ര സഭയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഒരു വിദഗ്ദ്ധ സമിതിയാണ്. ആഗോളതാപനില ഉയരുന്നതിനെപ്പറ്റിയും അതിന്റെ പരിണിതഫലങ്ങളെപ്പറ്റിയും വിശദമായി തന്നെ ഗവേഷകർ നടത്തുന്ന കണ്ടെത്തലുകൾ ക്രോഡീകരിച്ചാണ് റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുന്നത്. ഐ.പി.സി.സി.യുടെ പഠന റിപ്പോർട്ടാണ് ഈ അടിയന്തര പ്രമേയത്തിന്

പ്രധാനമായി ആധാരമാക്കിയിട്ടുള്ളത്. അതിന്റെ കാര്യത്തിൽ സർക്കാർ പരാജയപ്പെട്ടതുമൂലമുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്യണമെന്നാണ് ഉന്നയിച്ചിരിക്കുന്നത്. നാം ശ്രദ്ധിക്കേണ്ടൊരു കാര്യം, ആഗോളതാപനില ഉയരുന്നതിന്റെ തോത് വർദ്ധിക്കുന്നതായി 2021 ആഗസ്റ്റ് 9-ന് പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ആ റിപ്പോർട്ട് റിപ്പോർട്ടായി പ്രസിദ്ധീകരിച്ചിട്ട് മൂന്ന് മാസം കഴിഞ്ഞു. ചില മാധ്യമങ്ങൾ അത് റിപ്പോർട്ട് ചെയ്യുകയും ചെയ്തിരുന്നു. ആ റിപ്പോർട്ടിലെ പരാമർശങ്ങൾ അടിസ്ഥാനപ്പെടുത്തി യു.എസ്.എ.-യിലെ നാസ ചില നിരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്. ആ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ ചില ശാസ്ത്രജ്ഞർ 2150-ഓടെ ജലനിരപ്പ് ഉയരുന്നതുവഴി കേരളത്തിലെ തീരദേശ ജില്ലകളുടെ ചില ഭാഗങ്ങൾ നഷ്ടമാകാൻ സാധ്യതയുണ്ടെന്ന് അഭിപ്രായം പറഞ്ഞിട്ടുമുണ്ട്. ഇതാണ് ചില ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തത്. 2011-2020 കാലഘട്ടത്തിൽ ഇത് 1850-1900 കാലഘട്ടത്തേക്കാൾ ശരാശരി 1.09 ഡിഗ്രി കൂടുതലാണ്. കടലിലെ താപനില .88 ഡിഗ്രിയും കരയിലെ താപനില 1.95 ഡിഗ്രിയുമാണ് കൂടിയിട്ടുള്ളത്. ഇതിന്റെ ഗൗരവം എല്ലാ സർക്കാരുകളും ഉൾക്കൊള്ളേണ്ടതാണ്. സംസ്ഥാന സർക്കാർ എന്ന

നിലയിൽ കേരള സർക്കാർ ഇക്കാര്യം വളരെ ഗൗരവത്തോടെയാണ് സമീപിക്കുന്നതും നടപടികൾ സ്വീകരിക്കുന്നതും.

കേരളത്തിന്റെ വികസന പരിപ്രേക്ഷ്യം എങ്ങനെയായിരിക്കണമെന്ന കാഴ്ചപ്പാടാണ് ഇവിടെ പ്രധാനം. സാമ്പത്തിക വളർച്ചയും പരിസ്ഥിതി സംരക്ഷണവും സന്തുലിതമാകുന്ന ഒരു വികസന പരിപ്രേക്ഷ്യമാണ് സർക്കാരിനുള്ളത്. വികസന പ്രവർത്തനങ്ങൾ നടത്തുമ്പോൾത്തന്നെ പാരിസ്ഥിതിക സംരക്ഷണത്തെ പ്രധാനമായി കാണുകയാണ്. അതുകൊണ്ടാണ് കേരളത്തിന്റെ പരിസ്ഥിതിയെ സംബന്ധിച്ചുള്ള ഒരു ധവളപത്രം എൽ.ഡി.എഫ്. സർക്കാർ പുറപ്പെടുവിച്ചത്. നേരത്തെത്തന്നെ പാരിസ്ഥിതിക പ്രശ്നത്തെ ഗൗരവമായി കാണുകയും തുടർന്ന് ഓരോ ഘട്ടത്തിലും ഉയർന്നുവരുന്ന പ്രശ്നത്തെക്കണ്ട് പരിഹരിക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

ഗ്രീൻ ഹൗസ് വാതകങ്ങളുടെ (കാർബൺഡൈഓക്സൈഡ്, മീഥേൻ, നൈട്രസ്ഓക്സൈഡ്) ബഹിർഗമനമാണ് ആഗോള താപനില ഉയരുന്നതിന്റെ മുഖ്യകാരണം. ഇവ കുറയ്ക്കാനും പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യാനുമാണ് ആഗോളതലത്തിൽ ലോകരാഷ്ട്രങ്ങളുടെ സമ്മേളനങ്ങൾ ലക്ഷ്യമിടുന്നത്.

കേരളം സമയബന്ധിതമായി ഗ്രീൻ ഹൗസ് ഗ്യാസുകളുടെ ബഹിർഗമനം ഗണ്യമായി കുറച്ചു കൊണ്ടുവരാനുള്ള പദ്ധതി വിഭാവന ചെയ്തിട്ടുണ്ട്. ഓരോ മേഖലയിലും ഉണ്ടാകുന്ന ഗ്രീൻ ഹൗസ് വാതകങ്ങളുടെ ബഹിർഗമനത്തിന്റെ കണക്ക് ചർച്ചയ്ക്കായുള്ള രേഖയിൽ ഉൾപ്പെടുത്തി ലക്ഷ്യം എങ്ങനെ നിറവേറ്റാമെന്നാണ് സർക്കാർ പരിഗണിച്ചു വരുന്നത്. ഇത് നടപ്പിൽ വരുത്തുന്നതിനായി പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷതയിൽ ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. ഈ സമിതിയിൽ ഊർജ്ജ-തദ്ദേശസ്വയംഭരണ-വനം-ശാസ്ത്രസാങ്കേതികം എന്നീ വകുപ്പുകളുടെ ചുമതലയുള്ള സെക്രട്ടറിമാരും അംഗങ്ങളാണ്. സമയബന്ധിതമായി സംസ്ഥാനത്തെ കാർബൺ ന്യൂട്രൽ ആക്കുന്നതിനുള്ള കർമ്മപദ്ധതി തയ്യാറാക്കുകയാണ് ഈ സമിതിയുടെ ദൗത്യം. ഇതിന്റെ ആദ്യയോഗം 2021 നവംബർ 19-ന് ചേരുന്നുണ്ട്.

ഇതിനുപുറമേ ദുരന്താഘാത പ്രതിരോധശേഷിയുള്ള കേരള നിർമ്മിതിക്കുള്ള നടപടികൾ സ്വീകരിക്കാൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും പരിസ്ഥിതി കാലാവസ്ഥാ വ്യതിയാനം, ജലവിഭവം, തദ്ദേശഭരണം, റവന്യൂ, കൃഷി, ഗതാഗതം, ശാസ്ത്രസാങ്കേതികം എന്നീ

വകുപ്പുകളുടെ സെക്രട്ടറിമാരും ഉൾപ്പെടുന്ന ഉന്നതാധികാര സമിതിയും രൂപീകരിച്ചിട്ടുണ്ട്. പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് ഇക്കാര്യത്തിൽ ഒന്നും ചെയ്യുന്നില്ലെന്ന ആരോപണം പ്രമേയത്തിൽ ഉന്നയിക്കുന്നുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ സമീപനം സമഗ്രതയുള്ളതാണ്. ദുരന്താഘാതം താങ്ങാൻ ശേഷിയുള്ള നവ കേരള നിർമ്മിതിയാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. ഇതിനായി രൂപീകരിക്കപ്പെട്ടതാണ് റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ്. ഇതിന്റെ ഭാഗമായി സ്വീകരിക്കുന്ന നടപടികൾ ഈ സഭയിൽ തന്നെ ഒന്നിലധികം തവണ വിശദീകരിച്ചിട്ടുണ്ട്. 12 വകുപ്പുകളിലായി 7791 കോടി 14 ലക്ഷം രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. 5271 കോടി 88 ലക്ഷം രൂപയുടെ പദ്ധതികൾ ടെണ്ടർ ചെയ്തിട്ടുമുണ്ട്. ആർ.കെ.ഐ പദ്ധതികൾ കേവലം നിർമ്മാണ പദ്ധതികളല്ല. മേൽപ്പറഞ്ഞതുപോലെ ദുരന്ത പ്രതിരോധശേഷിയുള്ളവയായാണ് വിഭാവന ചെയ്തിരിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ ഭവന നിർമ്മാണ പദ്ധതിയായ ലൈഫ് ഭവന പദ്ധതിയിൽ പ്രീഫാബ് സാങ്കേതിക വിദ്യ സ്വീകരിച്ചിട്ടുണ്ട്. പ്രകൃതി വിഭവ ചൂഷണം

പരമാവധി കുറയ്ക്കാൻ ലക്ഷ്യമിട്ടുള്ളതാണ് ഈ സാങ്കേതികവിദ്യ. നെൽപ്പാടങ്ങളും തണ്ണീർത്തടങ്ങളും പ്രകൃതി ദുരന്തങ്ങളിൽ നിന്നും നമ്മെ സംരക്ഷിക്കുന്നതിൽ വലിയ പങ്കാണ് വഹിക്കുന്നത്. ഇക്കാര്യം കണക്കിലെടുത്താണ് 2006-2011-ലെ സർക്കാർ 2008-ൽ തണ്ണീർത്തട നെൽവയൽ സംരക്ഷണ നിയമം നടപ്പിലാക്കിയത്. ഇത് കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരും ഈ സർക്കാരും ഫലപ്രദമായി നടപ്പിലാക്കിവരുന്നുണ്ട്.

വർഷകാലത്ത് ഒഴുകിയെത്തുന്ന ജലം മണ്ണിലൂർന്നിറങ്ങാൻ നെൽക്കൃഷിക്കുള്ള പങ്ക് ചെറുതല്ല. 2016-2021 കാലഘട്ടത്തിൽ സർക്കാരിന്റെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും നേതൃത്വപരമായ പങ്കോടെയാണ് നെൽക്കൃഷി വ്യാപനം നടന്നുവരുന്നത്. ഇതിനുംപുറമേ നദികളുടെ സ്വാഭാവിക ഒഴുക്ക് ഉറപ്പാക്കാൻ ഹരിത കേരള മിഷന്റെ ആഭിമുഖ്യത്തിൽ 'ഇനി ഞാൻ ഒഴുകട്ടെ' എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. നവ കേരള കർമ്മ പദ്ധതിയുടെ നേതൃത്വത്തിൽ ഇത്തരം പരിപാടികൾ തുടരുന്നതാണ്. നദികളിലും ഡാമുകളിലും അടിഞ്ഞുകൂടിയിട്ടുള്ള എക്കൽ നീക്കം ചെയ്യുന്നതിനുള്ള പരിപാടിയും സർക്കാർ നടപ്പാക്കി വരുന്നുണ്ട്.

ഇവയെല്ലാം തന്നെ പ്രളയാഘാതം കുറയ്ക്കാൻ ഗണ്യമായി സഹായിക്കുന്നതാണ്. പരമ്പരാഗത ഊർജ്ജ ഉൽപ്പാദനത്തിലൂടെയാണ് ഗ്രീൻ ഹൗസ് വാതകങ്ങളുടെ ബഹിർഗമനം ഉണ്ടാകുന്നത്. പാരമ്പര്യേതര ഊർജ്ജ ഉൽപ്പാദനത്തിന് സർക്കാർ വലിയ പ്രാധാന്യമാണ് നൽകുന്നത്. സൗരോർജ്ജോൽപ്പാദനത്തിനായി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികളും വരുത്തിയിട്ടുണ്ട്. കാർബൺ ന്യൂട്രാലിറ്റിക്കായി വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കലാണ് ഏറ്റവും ഫലപ്രദമായ നടപടി. വന ദിനത്തിന് വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുന്നതിനുപുറമേ ഒരു കോടി വൃക്ഷത്തൈകൾ വച്ചു പിടിപ്പിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഇത് തുടരുന്നതുമാണ്. വെള്ളപ്പൊക്കത്തിന്റെയും മണ്ണിടിച്ചിലിന്റെയും കാരണങ്ങൾ പരിശോധിച്ച് സമഗ്രമായ റിപ്പോർട്ട് സമർപ്പിക്കാനും സംസ്ഥാന സാങ്കേതിക പരിസ്ഥിതി കൗൺസിൽ മുൻകയ്യെടുത്തിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കിയുള്ള നടപടിയും സ്വീകരിച്ചുവരികയാണ്. റീ-ബിൽഡ് കേരളയുടെ ഭാഗമായി അന്താരാഷ്ട്ര ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കുന്നത് കാലാവസ്ഥാവ്യതിയാനം തടയാനും ദുരന്തപ്രതിരോധശേഷിയുള്ള കേരള നിർമ്മിതി ലക്ഷ്യമിട്ടുകൂടിയാണ്.

കാർബൺ ന്യൂട്രാലിറ്റിക്ക് അനിവാര്യമായി മറ്റൊരു പരിഷ്കരണം ഗതാഗത മേഖലയിലാണ്. പരമ്പരാഗത ഇന്ധനങ്ങൾ ഉപയോഗിക്കുന്നതുവഴി ഉണ്ടാകുന്ന ഗ്രീൻഹൗസ് വാതക ബഹിർഗമനവും അന്തരീക്ഷ മലിനീകരണവും തടയാൻ ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ ഇ-വെഹിക്കിൾ നയം രൂപീകരിക്കുകയും ആവശ്യമായ നടപടികൾ മുന്നോട്ടുനീക്കാനുള്ള പരിശ്രമം നടത്തിവരികയുമാണ്. പലവിധ തടസ്സങ്ങൾ നേരിട്ടെങ്കിലും ഇത് മുന്നോട്ടുകൊണ്ടുപോകാനാണ് സർക്കാരിന്റെ തീരുമാനം. ഗ്രീൻഹൗസ് വാതകങ്ങളുടെ ബഹിർഗമനത്തിനുള്ള മറ്റൊരു കാരണം ഖരമാലിന്യങ്ങളും മെഡിക്കൽ വേസ്റ്റും  അടിഞ്ഞുകൂടുന്നതാണ്. മാലിന്യ സംസ്കരണത്തിനും നിർമ്മാർജ്ജനത്തിനും സംസ്ഥാന സർക്കാർ ഫലപ്രദമായ നടപടികളാണ് സ്വീകരിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളാണ് നേതൃത്വം വഹിക്കുന്നത്. ഇതിനായി അന്താരാഷ്ട്ര വിദഗ്ദ്ധരുടെ സഹായവും സർക്കാർ ലഭ്യമാക്കുന്നുണ്ട്. വേസ്റ്റ്  എനർജി പദ്ധതിയും ഇതിന്റെ ഭാഗമായാണ് നടപ്പാക്കുന്നത്. പരിസ്ഥിതി വകുപ്പ് സ്റ്റേറ്റ് ആക്ഷൻ പ്ലാൻ ഓൺ ക്ലൈമറ്റ് ചേഞ്ചിന്റെ

പരിഷ്കരണം നടത്തിവരികയാണ്. പ്രതിസന്ധികളുടെ സാധ്യതകളെല്ലാം പരിഗണിച്ചുകൊണ്ടായിരിക്കും പരിഷ്കരിച്ച നയം ആവിഷ്കരിക്കുക. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കാലാവസ്ഥാ വ്യതിയാന പഠന ഇൻസ്റ്റിറ്റ്യൂട്ട് ഐ.പി.സി.സി. കണ്ടെത്തലുകൾ കണക്കിലെടുത്തുകൊണ്ട്, സംസ്ഥാന സാഹചര്യങ്ങൾ പരിഗണിച്ചുകൊണ്ട് ഒരു വിശദമായ പഠനം നടത്തിവരികയാണ്. ഇത് നല്ല പുരോഗതി കൈവരിച്ചിട്ടുണ്ട്. 2021 ഡിസംബറിൽ ഇത് പൂർത്തിയാകുമെന്നാണ് ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ നിഗമനം. ഇപ്പറഞ്ഞ കാര്യങ്ങളിൽനിന്നും വ്യക്തമാകുന്നത് സർക്കാർ ഈ വിഷയത്തെ അതീവ ഗൗരവത്തോടെ കാണുന്നുവെന്നതാണ്. സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നുമുണ്ട്. 2018-ലും 2019-ലുമുണ്ടായ പ്രകൃതി ദുരന്തങ്ങൾ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ ഏതോ നടപടികൾ കാരണമാണെന്ന് വരുത്തിത്തീർക്കാനുള്ള ശ്രമം അടിസ്ഥാനരഹിതമെന്നുമാത്രമല്ല അശാസ്ത്രീയവുമാണ്. നമ്മുടെ വികസന പ്രക്രിയ ദീർഘകാലത്ത് പ്രകൃതിവിഭവങ്ങളെ പല രീതിയിലും ചൂഷണം ചെയ്തിട്ടുണ്ട്. ഈ രീതിയിൽ ഘടനപരമായ മാറ്റം വരുത്താനാണ് സർക്കാർ

സമഗ്ര സമീപനം സ്വീകരിച്ചുവരുന്നത്. അതുകൊണ്ട് പൊതുവായുള്ള അവബോധം ഇക്കാര്യത്തിൽ ഉയർന്നുവരേണ്ടതായിട്ടുണ്ട്. അതിന് ഉപകരിക്കുന്ന ഒരു വിഷയമാണ്. പക്ഷേ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരാവശ്യവും ഇതിൽ ഉയരുന്നില്ല.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, 2019 സെപ്റ്റംബറിൽ യു.എൻ. കാലാവസ്ഥാ ഉച്ചകോടിയിൽവച്ച് Greta Thunberg എന്ന പതിനാറ് വയസ്സുള്ള പെൺകുട്ടി ചോദിച്ച ഒരു ചോദ്യമുണ്ട്. 'How dare you?' എന്നായിരുന്നു. ആ ചോദ്യം തീരുമാനങ്ങൾ എടുക്കാൻ അവകാശവും അവസരവും ബാധ്യതയുമുണ്ടായിരുന്ന മുതിർന്ന തലമുറയോടുള്ള ചോദ്യമായിരുന്നു. ഈ സഭയിലുള്ള നമ്മളോടെല്ലാവരോടും കക്ഷി രാഷ്ട്രീയ വ്യത്യാസമില്ലാതെ കേരളത്തിലെ വളരുന്ന തലമുറ വൈകാതെ ചോദിക്കാൻ ഇടയുള്ള ചോദ്യമാണ് 'How dare you?.' ആത്മവിമർശനത്തിന്റെ അടരുകൂടി ചേർത്ത് അതേ ചോദ്യം ആവർത്തിച്ചുകൊണ്ട് വിഷയത്തിലേയ്ക്ക് കടക്കാമെന്ന് വിചാരിക്കുന്നു. കാലവസ്ഥാവ്യതിയാനവുമായി ബന്ധപ്പെട്ട് ഒരു അടിയന്തരപ്രമേയം നമ്മുടെ നിയമസഭാ ചരിത്രത്തിൽ ആദ്യമായിട്ടാണ്.

എന്നാൽ ഈ വിഷയത്തിൽ അവതരിപ്പിക്കുന്ന അവസാനത്തെ പ്രമേയമാകും ഇതെന്ന് ഞാൻ കരുതുന്നില്ല. ഇനി വരുന്ന വർഷങ്ങളിൽ നാം ഇവിടെ ചർച്ചചെയ്യാൻ പോകുന്ന വിഷയങ്ങളിൽ അത് സാമ്പത്തിക വികസനവുമായും സാമൂഹ്യക്ഷേമവുമായും സുസ്ഥിരവികസനവുമായും ബന്ധപ്പെട്ടതാണെങ്കിലും കാലാവസ്ഥ വ്യതിയാനത്തിന്റെ തലത്തെക്കൂടി പരിഗണിച്ചുമാത്രമേ നമുക്ക് ഈ സഭയിൽ ചർച്ചകൾ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ച ഇന്റർ ഗവൺമെന്റൽ പാനൽ ഓൺ ക്ലൈമറ്റ് ചേഞ്ച് അതിന്റെ പുതിയ റിപ്പോർട്ട് കേരളത്തെ സംബന്ധിച്ച് ആശങ്കപ്പെടുത്തുന്ന വിവരങ്ങളാണ് പങ്കുവയ്ക്കുന്നത്. 70 വർഷത്തിനുള്ളിൽ സമുദ്ര നിരപ്പിൽ വലിയ ഉയർച്ചയാണ് നമ്മുടെ തീരങ്ങളിൽ പ്രതീക്ഷിക്കുന്നത്. കേരളത്തിന്റെ 374 സ്ക്വയർ കിലോമീറ്റർ തീരഭൂമി സമുദ്രത്തിന് അടിയിലാകുമെന്ന ആശങ്ക പങ്കുവയ്ക്കുന്നുണ്ട്. തീരശോഷണത്തിനുപുറമേ ഉപ്പുവെള്ളം കയറുകയാണ്. മറ്റ് ആരോഗ്യ പ്രശ്നങ്ങളുണ്ടാകുന്നു. കുട്ടനാട്ടിലെ ജനങ്ങൾ ഇപ്പോൾ പലായനം ചെയ്യുന്നതുപോലെ നമ്മുടെ സംസ്ഥാനത്തിന്റെ മറ്റ് സ്ഥലങ്ങളിൽനിന്നും കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതംമൂലമുള്ള പാരിസ്ഥിതിക

പ്രശ്നങ്ങൾകൊണ്ടുള്ള പലായനങ്ങളുണ്ടാകാൻ പോകുകയാണ്. ഈ നൂറ്റാണ്ടിനൊടുവിൽ സമുദ്രത്തിനടിയിലാകുമെന്ന് നാസ കരുതുന്ന 12 നഗരങ്ങളിലൊന്ന് നമ്മുടെ കൊച്ചിയാണെന്നുള്ളതാണ് അങ്ങേയറ്റം ആശങ്കയുളവാക്കുന്ന ഒരു സാഹചര്യം. ഐ.പി.സി.സി. റിപ്പോർട്ട് മറ്റ് സംസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളം ഒരു വാണിംഗാണെങ്കിൽ കേരളത്തെ സംബന്ധിച്ച് അത് സംഭവിച്ചുതുടങ്ങിയ വലിയ ദുരന്തങ്ങളെക്കുറിച്ചുള്ള ദിശാസൂചികയാണ്. 2018 മുതൽ നാം അത് കണ്ടുതുടങ്ങിയതാണ്. കേരളത്തിൽ ഓഖി, ഒന്നാം പ്രളയം, രണ്ടാം പ്രളയം, മേഘവിസ്ഫോടനം, ചക്രവാതച്ചുഴി ഇങ്ങനെ അവഗണിക്കാൻ സാധിക്കാത്ത അനുപാതത്തിൽ പ്രകൃതി ദുരന്തങ്ങൾ ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഇതുസംബന്ധിച്ച് മാദ്ധ്യമങ്ങളൊക്കെ നമുക്ക് മുന്നറിയിപ്പ് നൽകുന്നുണ്ട്. അടുത്തിടെ മലയാള മനോരമ പ്രസിദ്ധീകരിച്ച 'മഴമുനയിൽ കേരളം' ഇത്തരം ആശങ്കകളുടെ ആഴം വെളിപ്പെടുത്തുന്നതാണ്. അതുകൊണ്ട് വന്ന അപകടങ്ങളോടുള്ള നയപരമായ നമ്മുടെ പ്രതികരണം വരാൻ സാദ്ധ്യതയുള്ള അപകടങ്ങളെ ലഘൂകരിക്കാനും അതിൽ എന്തെല്ലാം ചെയ്യാൻ സാധിക്കുമെന്നതിനെ സംബന്ധിച്ചുള്ള മുൻഗണന

തീരുമാനിക്കുന്നതുമാണ്. 2014-ൽ ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ ഭരണകാലത്താണ് State Action Plan on Climate Change (SAPCCs) ആദ്യമായി രൂപീകരിക്കുന്നത്. അതിനുശേഷം ഗവൺമെന്റുമാറി 2017-ൽ ഒന്നാം പിണറായി സർക്കാർ SAPCC റിവൈസ് ചെയ്യാൻ തീരുമാനിച്ചു. 2018-ൽ അതിന്റെ കരട് റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കപ്പെട്ടു. ഇത്രയും ഗൗരവമുള്ള ഒരു കാര്യം നമ്മുടെ സംസ്ഥാനത്ത് കാലവസ്ഥാ വ്യതിയാനംമൂലം പ്രകൃതി ദുരന്തങ്ങൾ വദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അതിനെക്കുറിച്ചുള്ള നമ്മുടെ സംസ്ഥാനത്തിന്റെ ആക്ഷൻ പ്ലാനാണ് State Action Plan on Climate Change. ആ SAPCC-യുടെ ഡ്രാഫ്റ്റ് റിപ്പോർട്ട് 2018-ൽ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടും ഇതുവരെ അത് അംഗീകരിച്ച് കേന്ദ്രസർക്കാരിന് സമർപ്പിക്കാൻ സംസ്ഥന സർക്കാരിന് സാധിച്ചിട്ടില്ലെന്ന ഗുരുതരമായ ആക്ഷേപം ഞാൻ ഈ സഭയുടെ മുമ്പാകെ ഉന്നയിക്കുകയാണ്. SAPCC-യുടെ ഭാഗമായി അന്ന് പരിസ്ഥിതി വകുപ്പിന്റെകൂടി ചുമതലയുണ്ടായിരുന്ന ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ നേതൃത്വത്തിൽ Institute For Climate Change Studies കോട്ടയത്ത് സ്ഥാപിച്ചു. ആ സ്ഥാപനം സ്ഥാപിച്ച് അടുത്തുതന്നെ ഇലക്ഷൻവന്നു, പുതിയ ഗവൺമെന്റ്

അധികാരത്തിൽ വന്നു. ഇപ്പോൾ ആ സ്ഥാപനത്തിന്റെ അവസ്ഥ വളരെ പരിതാപകരമാണ്. നാഥനില്ലാത്ത അവസ്ഥയാണ്. ഈ ഗവൺമെന്റുതന്നെ ശാസ്ത്രജ്ഞരുടെ അടക്കം 12 പോസ്റ്റുകൾ അപ്രൂവ് ചെയ്തതാണ്. അതിൽനിന്നൊരു ശാസ്ത്രജ്ഞനെപ്പോലും നിയമിച്ചിട്ടില്ല. ഇത്രയും പ്രധാനപ്പെട്ട സ്ഥാപനത്തിൽ കാലവസ്ഥാ വ്യതിയാനത്തെ സംബന്ധിച്ചുള്ള പ്രത്യാഘാതങ്ങളെ നിരീക്ഷിക്കുന്ന, അത്തരം കാര്യങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന ഈ സ്ഥാപനത്തിന് ഒരു ശാസ്ത്രജ്ഞനെപ്പോലും നിയമിച്ചിട്ടില്ല. സെക്രട്ടേറിയറ്റിൽ നിന്ന് ഡെപ്യൂട്ടേഷനിൽവന്ന ഒരു എ.ഒ. ആണ് അവിടെയുള്ളത്. കേരളത്തിൽ കാലാവസ്ഥാ വ്യതിയാനംമൂലമുണ്ടാകുന്ന മൊത്തം പ്രത്യാഘാതവും നേരിടേണ്ടത് ഈ ഡെപ്യൂട്ടേഷൻ എ.ഒ.-യുടെ ഉത്തരവാദിത്വമാണ്. അദ്ദേഹമാണ് ഇത് നേരിടേണ്ടത്. അതുകൊണ്ട് SAPCC അടിയന്തരമായി അംഗീകരിക്കുന്നതോടൊപ്പം തന്നെ ഈ സ്ഥാപനത്തെ അങ്ങ് ഇപ്പോൾ മറുപടിയിൽ പറഞ്ഞ രൂപത്തിൽ പുതിയ പശ്ചാത്തലത്തിൽ ശക്തിപ്പെടുത്താനും അവിടെ ശാസ്ത്രജ്ഞരെ നിയമിക്കുന്നതിനുമുള്ള അടിയന്തരമായ നടപടി കൈക്കൊള്ളണം. 2018-19-ലെ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ഗവൺമെന്റ് ഒരു ഇന്റർ ഡിസിപ്ലിനറി

സമിതിയെ നിയോഗിച്ചു. ആ സമിതിയുടെ റിപ്പോർട്ട് എന്റെ കൈവശമുണ്ട്. ആ സമിതി മൂന്ന് മാസത്തിനുള്ളിൽ അതായത് ഡിസംബർ മാസത്തിൽ സർക്കാരിന് റിപ്പോർട്ട് കൊടുത്തു. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ യാതൊരു നടപടിയും സർക്കാർ സ്വീകരിച്ചില്ല. അതിൽ വളരെ പ്രധാനപ്പെട്ട നിർദ്ദേശങ്ങളുണ്ടായിരുന്നു. സമയപരിമിതി ഉള്ളതുകൊണ്ട് അതെല്ലാം പറയുന്നില്ല. "The Government of Kerala should constitute a Committee to conduct in-depth studies and develop guidelines for best practices for allowing mining activities near topographic hollows. A "codebook" may be developed and strong regulatory system may be enforced." എന്തുനടപടിയാണ് സ്വീകരിച്ചത്? "While constructing village roads in the high sloping areas, care should be taken to ensure the free flow of streams across the roads by providing culverts" ഈ കാര്യങ്ങളെ സംബന്ധിച്ച് എന്തെങ്കിലും തീരുമാനങ്ങളെടുത്തിട്ടുണ്ടോ? അതുസംബന്ധിച്ച് കോഡ് ബുക്ക് ഉണ്ടാക്കിയിട്ടുണ്ടോ? ഉയർന്ന പ്രദേശങ്ങളിൽ റോഡ് വരുന്ന സമയത്ത് ജലത്തിന് തടസമില്ലാതെ ഒഴുകിപ്പോകാനുള്ള സംവിധാനങ്ങൾ ആസൂത്രണം

ചെയ്യണം. ഒരു പ്രശ്നം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്, കേരളത്തിൽ ഒറ്റ എഞ്ചിനീയറിംഗ് മാത്രമേയുള്ളൂ. ആ എഞ്ചിനീയറിംഗിലാണ് കേരളത്തിലെ എല്ലാ റോഡുകളും നിർമ്മിക്കുന്നത്. പാരിസ്ഥിതികമായ പരിഗണനകളെ ഉൾക്കൊണ്ടുകൊണ്ടുള്ള എഞ്ചിനീയറിംഗ് നമുക്കുണ്ടാകണമെന്ന് 2018-ൽ സർക്കാർ നിയോഗിച്ച സമിതി കണ്ടെത്തി ഗവൺമെന്റിന് റിപ്പോർട്ട് കൊടുത്തിട്ടുണ്ടായിരുന്നു. എന്നാൽ അത്തരം പരിഗണനകളൊന്നുംതന്നെ കേരളം സ്വീകരിച്ചിട്ടില്ലെന്നുമാത്രമല്ല, വെള്ളം ഒഴുകിപ്പോകുന്നതിനുള്ള സംവിധാനം തടസപ്പെട്ട് നിരവധി ചെറുപ്രളയങ്ങളുണ്ടാകുന്നു. ആ ചെറുപ്രളയങ്ങൾക്ക് നിരവധി ഇരകളുമുണ്ടാകുന്നുണ്ട്. അതിനെ കാണാതെപോകാൻ നമുക്ക് സാധിക്കില്ല. അതിൽത്തന്നെ വളരെ പ്രധാനമായൊരു കാര്യം പറഞ്ഞു, "The current practice is that only the critical and high hazard areas.........., പിന്നീട്, These areas are susceptible to high causalities during a landslide event. Therefore, an estimate of the runout distance for landslides needs to be assessed based on slope and overburden volume in the high hazard zones so as to regulate settlements at the downstream of

the slopes" എന്നുമുണ്ട്. ഈ നിർദ്ദേശങ്ങൾ സ്വീകരിച്ചിരുന്നെങ്കിൽ കുട്ടിക്കലിലെയും പെട്ടിമുടിയിലെയും ആളപായം ഒഴിവാക്കാൻ സാധിക്കുമായിരുന്നു. ഉരുൾപ്പൊട്ടലുണ്ടാകും, പക്ഷേ രണ്ട് വർഷംമുമ്പ് ഗവൺമെന്റിന് കിട്ടിയ, പൊടിയടിച്ച് സെക്രട്ടേറിയറ്റിൽ ഇരിക്കുന്ന ഈ റിപ്പോർട്ട് പരിശോധിച്ച് പരിഗണിച്ച് നടപടിയെടുത്തിരുന്നെങ്കിൽ കുട്ടിക്കലിലെയും പെട്ടിമുടിയിലെയും ആളപായം ഒഴിവാക്കാമായിരുന്നു. 1:50000 സ്കെയിലിൽ hazard zonation map ഉണ്ടാക്കണമെന്നും Flood risk map ഉണ്ടാക്കണമെന്നും 1:4000 സ്കെയിലിൽ flood inundation maps ഉണ്ടാക്കണമെന്നും അതിൽ പറഞ്ഞിട്ടുണ്ട്. അതൊന്നും ഉണ്ടാക്കിയിട്ടില്ല. 2019-ൽ കിട്ടിയ ഈ റിപ്പോർട്ടിന്മേൽ പറയപ്പെടുന്ന ഒരു കാര്യവും ഇത്രയും പാരിസ്ഥിതിക ആഘാതങ്ങളെ നേരിടുന്ന ഒരു സംസ്ഥാനം പരിഗണിച്ചിട്ടില്ലെന്നതാണ് ഈ വിഷയം അടിയന്തരപ്രമേയമായി സഭയിൽ കൊണ്ടുവരാൻ ഞങ്ങളെ പ്രേരിപ്പിച്ചത്. അനാസ്ഥകൾ തീരുന്നില്ല, ദുരന്ത നിവാരണ നിയമപ്രകാരം ദുരന്തനിവാരണ അതോറിറ്റിയിൽ മൂന്ന് ശാസ്ത്രജ്ഞന്മാരുണ്ടാകണം. ഇപ്പോൾ ഒരു മെമ്പർ സെക്രട്ടറിയല്ലാതെ ശാസ്ത്രജ്ഞന്മാരില്ല. കേരളത്തിൽ ധാരാളം ദുരന്തങ്ങളുണ്ട്. അതിൽ ഏറ്റവും

വലിയ ദുരന്തം കേരളത്തിലെ ഈ ദുരന്ത നിവാരണ അതോറിറ്റിയാണ്. ഈ അതോറിറ്റിയെപ്പോലൊരു ദുരന്തം കേരളത്തിലില്ല. അതുപോലെ തണ്ണീർത്തട അതോറിറ്റിയുടെ കാലാവധി കഴിഞ്ഞുവെന്ന കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അത് അടിയന്തരമായി പുനഃസംഘടിപ്പിക്കണം. പരിസ്ഥിതി ആഘാത നിർണ്ണയ സമിതി പുനഃസംഘടിപ്പിക്കണം. ഒരു വർഷത്തിനുള്ളിൽ ഈ വകുപ്പിൽ ആറ് ഡയറക്ടർമാരാണ് വന്നുപോയത്. ഒറ്റ വർഷം ആറ് ഡയറക്ടർമാർ...., ഇക്കാര്യങ്ങളൊക്കെ ശ്രദ്ധിക്കാൻ ആർക്കെങ്കിലും സമയം കിട്ടിക്കാണുമോ; ഒരാൾ അവിടെ വന്നാൽ എത്ര മാസമുണ്ടാകും. ഒരുപാട് നാളുകൾക്കിടയിൽ ഇപ്പോഴാണ് പെർമെനന്റ് സംവിധാനത്തിലേയ്ക്ക് ഇത് വന്നത്. കേരളം വളരെ ഗുരുതരമായി കാണുന്ന ഈ പ്രശ്നത്തെ അതേ ഗൗരവത്തിൽത്തന്നെ ഗവൺമെന്റ് സമീപിക്കണം. പരിസ്ഥിതി ഇത്രയൊന്നും ചർച്ച ചെയ്യപ്പെട്ടിട്ടില്ലാത്ത കാലത്താണ് ഇന്ദിരാഗാന്ധി സൈലന്റ്‌വാലിയെ സംരക്ഷിക്കാൻവേണ്ട നിലപാട് സ്വീകരിച്ചതും കേരളത്തിന്റെ പരിസ്ഥിതിക്കുവേണ്ടി ഇടപെടൽ നടത്തിയതും. ഇന്ന് Intergovernmental Panel on Climate Change (IPCC) ലോകത്തിന് നൽകുന്ന warning,

ദുരന്തമായി അനുഭവിക്കുന്നൊരു ജനസമൂഹമായി കേരള സമൂഹം മാറിക്കഴിഞ്ഞെന്നാണ്. 2018-ലെ പ്രളയത്തിനുശേഷം കേരളത്തിന്റെ പുനർനിർമ്മാണമല്ല, ഒരു നവകേരളം സൃഷ്ടിക്കാൻ പോകുന്നുവെന്നാണ് അങ്ങിവിടെ മറുപടിയായി പറഞ്ഞത്. പക്ഷേ അങ്ങയുടെ ഗവൺമെന്റിന്റെ സമീപകാല പദ്ധതികൾ പരിശോധിച്ചാൽ നവകേരളമല്ല, അങ്ങേയറ്റം പാരിസ്ഥിതിക വിനാശമുണ്ടാക്കുന്ന, കെ-റെയിൽ പോലെയുള്ള വിനാശകരമായ പദ്ധതികളാണ് ഇത്രയും ഇക്കോളജിക്കലി സെൻസിറ്റീവ് ആയ വളരെ ചെറിയ ഒരു ഭൂപ്രദേശത്തിൽ ആശങ്കയിൽ കഴിയുന്ന ജനങ്ങളുടെ മുകളിൽ........., തീരദേശത്തെ പത്ത് ജില്ലകൾ ആശങ്കയിലാണ്. നാല് ജില്ലകൾ പശ്ചിമഘട്ടത്തിന്റെ പാരിസ്ഥിതികാഘാതങ്ങളുടെ ഭീഷണിയിലും ഭയത്തിലുമാണ്. ഒരു കാര്യം ഞാൻ വീണ്ടും ആവർത്തിക്കുന്നു. അടിയന്തരമായി State Action Plan on Climate Change (SAPCCs) സംസ്ഥാന സർക്കാർ അംഗീകരിച്ച് അതിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ സ്വീകരിക്കുകയും ഇനിയും പാരിസ്ഥിതിക്ക് വിനാശകരമായ പദ്ധതികൾ ഉണ്ടാവില്ലെന്ന് പരസ്യമായി പ്രഖ്യാപിച്ചുകൊണ്ട് മുന്നോട്ടുപോകുകയും വേണം. ഈ അടിയന്തര സാഹചര്യത്തെ, അടിയന്തര

ആശങ്കകളെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാര്യങ്ങൾ അവതരിപ്പിക്കാൻ നല്ല ശേഷിയുള്ള ആളാണ് ശ്രീ. പി. സി. വിഷ്ണുനാഥ്, എങ്കിലും ഇക്കാര്യത്തിൽ ഞാൻ പറഞ്ഞതിനോട് വിയോജിച്ചുകൊണ്ട് അദ്ദേഹം ഒന്നും പറഞ്ഞിട്ടില്ല. സംസ്ഥാന സർക്കാരിന്റെ പൊതുവായ സമീപനത്തോട് വിയോജിപ്പില്ലെന്നാണ് അത് കാണിക്കുന്നത്. എന്നാൽ ഇപ്പോൾ സ്വീകരിച്ചുവരുന്ന നിലവച്ച് ഏത് കാര്യത്തിലും സർക്കാരിനെ കുറ്റപ്പെടുത്തുന്നത് പ്രതിപക്ഷത്തിന്റെ ഒരു ബാധ്യതയാണെന്ന തോന്നലുള്ളതുകൊണ്ട് ചില കാര്യങ്ങൾ പറയാൻ അദ്ദേഹം നിർബന്ധിതനായി എന്നാണ് എനിക്ക് തോന്നുന്നത്. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഫലപ്രദമായ നടപടികൾതന്നെയാണ് സ്വീകരിച്ചുവരുന്നത്. പ്രകൃതി ദുരന്തങ്ങളുടെ അടിസ്ഥാനകാരണം പാരിസ്ഥിതിക രംഗത്ത് വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളാണെന്നത് എല്ലാവരും അംഗീകരിക്കുന്ന കാര്യമാണ്. ബഹുമാനപ്പെട്ട അംഗം ഉയർത്താൻനോക്കിയ ഒരു വാദഗതി, ഇതെല്ലാം

സംഭവിച്ചത് സർക്കാരിന്റെ പോരായ്മകൊണ്ടാണെന്ന് സ്ഥാപിക്കാനാണ്. നേരത്തെതന്നെ ആ വാദഗതിയുടെ പൊള്ളയായ അവസ്ഥ തുറന്നുകാണിച്ചതാണ്, വീണ്ടും ഞാൻ അതിന്റെ വിശദീകരണത്തിലേയ്ക്ക് പോകുന്നില്ല. ഒന്നേ എനിക്ക് പറയാനുള്ളൂ. ഗൗരവമായൊരു സ്ഥിതിവിശേഷമാണ് നാം നേരിടുന്നത്. ആ സ്ഥിതിവിശേഷത്തെ നമ്മൾ നേരിടേണ്ടത് ഭിന്നിച്ചുനിന്നുകൊണ്ടല്ല, നമ്മുടെ സമൂഹമാകെ ഒരേ മനസ്സോടെ നീങ്ങേണ്ട ഒരു കാര്യമാണിത്, അതിനുള്ള യോജിപ്പാണ് ഏറ്റവും പ്രധാനമെന്നത് നാം ഓർക്കേണ്ടതുണ്ട്. ആഗോളതാപനത്തിന്റെ ഭാഗമായി കാലംതെറ്റിയുള്ള മഴയും അതുപോലുള്ള അപ്രതീക്ഷിത സംഭവങ്ങളും നമ്മുടെ നാട്ടിൽ മാത്രമല്ല, ലോകത്താകെ സംഭവിക്കുകയാണ്. ഇത്തരം പ്രശ്നങ്ങൾ സജീവമായി ചർച്ച ചെയ്യപ്പെടുന്ന അവസ്ഥയിൽ ഇതിനിടയാക്കിയ രാഷ്ട്രങ്ങൾ അത് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നില്ലെന്നത് ആഗോളതലത്തിൽ വലിയതോതിൽ ചർച്ച ചെയ്യപ്പെട്ടത് നാം ശ്രദ്ധിച്ചതാണ്. ഏതായാലും ഇപ്പോൾ ആഗോള തലത്തിൽത്തന്നെ രാജ്യങ്ങൾ തമ്മിലുള്ള ചർച്ചകൾ നടന്നുവരികയാണ്. ഇവിടെ നാം കാണേണ്ടൊരു കാര്യം, സമുദ്ര നിരപ്പിൽനിന്ന് 75 മീറ്റർ

ഉയരത്തിലുള്ള മലനാട് കേരളത്തിന്റെ ഏകദേശം 48 ശതമാനത്തോളം വരും. താഴ്വാരങ്ങളും സമതലങ്ങളുമടങ്ങിയ 7½ മീറ്റർ മുതൽ 75 മീറ്റർ ഉയരത്തിലുള്ള ഇടനാട് 10 ശതമാനം വരും. പശ്ചിമഘട്ടത്തിൽനിന്ന് ഉത്ഭവിക്കുന്ന 41 നദികൾ പടിഞ്ഞാറോട്ട് ഒഴുകി സമുദ്രത്തിൽ പതിക്കുകയാണ്. പശ്ചിമഘട്ടത്തിൽ പെയ്യുന്ന മഴ മണിക്കൂറുകൾകൊണ്ട് സമുദ്രത്തിലേയ്ക്ക് പതിക്കുന്നുവെന്ന സ്ഥിതിവിശേഷവും ഇവിടെയുണ്ട്. കാലാവസ്ഥാ വ്യതിയാനം കേരളത്തിന്റെ സവിശേഷമായ ഈ പരിസ്ഥിതിയിൽ ഗൗരവതരമായ പ്രശ്നങ്ങളുണ്ടാക്കുന്നുവെന്ന് നാം കാണണം. ഇത് നാം അഭിമുഖീകരിക്കുന്ന ഏറ്റവും ഗൗരവമായ പ്രശ്നമാണ്. ഇത് പ്രളയംപോലുള്ള പ്രകൃതിദുരന്തങ്ങൾ സൃഷ്ടിക്കുന്നുണ്ട്. അത് പരിഹരിക്കുന്നതിനുള്ള ഇടപെടലുകളാണ് സംസ്ഥാന സർക്കാർ അതത് ഘട്ടത്തിൽ ചെയ്തിട്ടുള്ളതെന്ന് ഇക്കഴിഞ്ഞ അനുഭവമെടുത്ത് പരിശോധിച്ചാൽ മനസ്സിലാകും. പ്രളയ ദുരന്തത്തിന്റെ ഭാഗമായി നടത്തിയ രക്ഷാപ്രവർത്തനങ്ങൾ, നഷ്ടപ്പെട്ട ജീവനോപാധികൾ തിരിച്ചുനൽകുന്നതിനുവേണ്ടി നടത്തിയ ഇടപെടലുകൾ ഇതെല്ലാം രാജ്യത്തിന്റെ മാത്രമല്ല, ലോകത്തിന്റെതന്നെ ശ്രദ്ധനേടിയിട്ടുള്ളതാണ്.

പാരിസ്ഥിതിക വ്യതിയാനവും കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതയും കണക്കിലെടുത്ത് ദുരന്തങ്ങളിൽനിന്ന് മാറിനിൽക്കാൻ പ്രാപ്തമാകുന്ന ദീർഘകാല പദ്ധതികൾ നമുക്ക് വേണം. അതും സർക്കാർ ആസൂത്രണം ചെയ്യുകയാണ്. നേരത്തെ വിശദീകരിച്ച റീ-ബിൽഡ് കേരള, അതാണ് ലക്ഷ്യം വയ്ക്കുന്നത്. ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ നമ്മുടെ സംസ്ഥാനത്തെ ജനങ്ങളെ പാരിസ്ഥിതിക സവിശേഷതകളെ മനസ്സിലാക്കി ജീവിതം ക്രമപ്പെടുത്തുന്നതിനുള്ള സമഗ്രമായ നടപടികളിലേയ്ക്കാണ് നയിക്കേണ്ടത്. അത് സർക്കാർ ചെയ്യുക എന്നത് മാത്രമല്ല, സർക്കാരിനോടൊപ്പം നാടാകെ, ജനങ്ങളാകെ, ചേർന്നുകൊണ്ട് നിർവ്വഹിക്കേണ്ട കാര്യമാണ്. ഭിന്നതയല്ല, യോജിച്ചുകൊണ്ടുള്ള ഒരു നീക്കമാണ് അവിടെ ആവശ്യമായി വരുന്നത്. നേരത്തെ സൂചിപ്പിച്ചതുപോലെ ഇക്കാര്യത്തിൽ വിവിധ ദീർഘകാല പദ്ധതികൾ, അതിനായുള്ള വിവിധ കമ്മിറ്റികൾ എന്നിവ സംസ്ഥാന സർക്കാർ ആസൂത്രണം ചെയ്തിട്ടുണ്ട്. പരിസ്ഥിതി സംരക്ഷിക്കുന്ന കാര്യത്തിൽ പ്രതിജ്ഞാബദ്ധമായ നിലപാടാണ് സർക്കാരിനുള്ളത്. അതിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ ഞാൻ നേരത്തെ പ്രസ്താവിച്ചതിനാൽ വീണ്ടും

ആവർത്തിക്കുന്നില്ല. ഇവിടെ പാരിസ്ഥിതിക സ്നേഹമുള്ളവർ പലഘട്ടങ്ങളിലും പലതരത്തിലുള്ള എതിർപ്പുമായി യു.ഡി.എഫ്. സർക്കാരിന്റെ അവസാന കാലത്ത് രംഗത്തുവന്നത് നമ്മൾ ഇപ്പോഴും ഓർക്കേണ്ട കാര്യമാണ്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഇപ്പോൾ ഞാൻ പോകുന്നില്ല. പക്ഷേ അവരുടെ പ്രശ്നം, അവർ ഉന്നയിച്ചിരുന്ന വാദഗതി പരിസ്ഥിതിയെ തകർക്കുന്ന തീരുമാനങ്ങൾ, പുനഃപരിശോധിക്കണമെന്നുള്ളതായിരുന്നു. അതിൽ ചിലത് പുനഃപരിശോധിക്കാനും തിരുത്താനും പിന്നീട് വന്ന സർക്കാർ തയ്യാറായതും നമ്മുടെ അനുഭവത്തിലുള്ളതാണ്. പരിസ്ഥിതി സംരക്ഷണത്തിന്റെ കാര്യത്തിൽ ഒരു തരത്തിലുള്ള വിട്ടുവീഴ്ചയും സർക്കാരിന്റെ ഭാഗത്തുനിന്ന് ഇല്ല എന്നത് നാം കാണേണ്ടതായിട്ടുണ്ട്. 'കാർബൺ ന്യൂട്രൽ കേരളം' എന്ന പദ്ധതി നടപ്പിലാക്കുന്നതിന് ഒരു നോഡൽ ഏജൻസിയെ നിയോഗിക്കുന്ന കാര്യം പരിശോധിക്കും. പരിസ്ഥിതി, ഗതാഗതം, തദ്ദേശസ്വയംഭരണം, അനെർട്ട്, കെ.എസ്.ഇ.ബി. തുടങ്ങിയ വകുപ്പുകളുടെ പിന്തുണ നൽകുന്നതിനുള്ള സംവിധാനവും ആലോചിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്ത് ഒരു അന്താരാഷ്ട്ര കാലാവസ്ഥാ വ്യതിയാന

കോൺക്ലേവ് ഷെഡ്യൂൾ ചെയ്യുന്ന കാര്യവും പരിശോധിക്കും. യു.കെ.-യിലെ ഗ്ലാസ്ഗോയിൽ UNFCCC-ലേയ്ക്കുള്ള 26-ാമത് സെഷനിൽ ഉയന്നുവന്ന കാര്യങ്ങൾ പരിശോധിച്ച് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ഇത്തരം കാര്യങ്ങളെക്കുറിച്ചുകൂടി 19- ാം തീയതി ചേരുന്ന വർക്കിംഗ് ഗ്രൂപ്പ് പരിശോധിക്കുന്നതാണ്. ഇതിന്റെ ഭാഗമായി വിവിധ പദ്ധതികൾ സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. നേരത്തെതന്നെ അതിനുള്ള തുടക്കങ്ങൾ കുറിച്ചിട്ടുണ്ട്. ഊർജ്ജമേഖലയാണ് ഹരിതഗൃഹ വാതകങ്ങളുടെ ബഹിർഗമനത്തിന്റെ 91 ശതമാനവും സംഭാവന ചെയ്യുന്നത്. അതുകൊണ്ടാണ് ആ മേഖലയിൽ ഇടപെടാനുള്ള പ്രത്യേക നടപടികൾ സ്വീകരിക്കുന്നത്. സൗരോർജ്ജത്തിൽനിന്നും കാറ്റിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള പദ്ധതികൾ അതിവേഗതയിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. പരമ്പരാഗതമായ ഊർജ്ജസ്രോതസ്സുകൾ ഉപയോഗിച്ച് ചെറുഗ്രാമങ്ങൾക്കും ഊർജ്ജം പ്രദാനം ചെയ്യുന്ന മൈക്രോ പവർ ഗ്രിഡുകൾ സ്ഥാപിക്കുന്ന കാര്യവും സർക്കാർ ആലോചിക്കുന്നുണ്ട്. ഊർജ്ജകാര്യക്ഷമമായ ഉപകരണങ്ങളുടെ അഭാവമാണ് വേനൽക്കാലത്ത് വൈദ്യുതി ഉപയോഗം വർദ്ധിപ്പിക്കുന്നതിന് കാരണം. അത് കൂടുതൽ

വൈദ്യുതി ഉപഭോഗം ചെയ്യുന്ന നിലയുണ്ടാകും. ഇത് കണക്കിലെടുത്തുള്ള ചില നടപടികളും സർക്കാർ സ്വീകരിക്കുന്നുണ്ട്. നിലനിൽക്കുന്ന കെട്ടിടങ്ങളുടെ ഊർജ്ജ ഓഡിറ്റിംഗ് നിർബന്ധമാക്കുന്നതോടെ ഉപഭോഗം കുറയ്ക്കുന്നതിനുള്ള നടപടികൾ പ്രധാനമാണെന്ന് സർക്കാർ കാണുകയാണ്. അതോടൊപ്പംതന്നെ പുതിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഗ്രീൻ പ്രോട്ടോക്കോൾ അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കും. ഇതിന്റെ ഭാഗമായിട്ടാണ് തെരുവുവിളക്കുകൾ എൽ.ഇ.ഡി. ആക്കി മാറ്റിയത്. അത് ഊർജ്ജിതപ്പെടുത്തും. ഇലക്ട്രിക് വാഹനങ്ങൾ പ്രോത്സാഹിപ്പിക്കും. ഇതിന്റെ ഭാഗമായി ഇ-മൊബിലിറ്റി നയം കൊണ്ടുവരുന്നതിനുള്ള നടപടികൾക്ക് അവസാനരൂപം നൽകും. സി.എൻ.ജി., ഹൈഡ്രജൻ പവർ, ബയോഫ്യൂവൽ എന്നിവയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. സൈക്കിളുകളുടെ രൂപത്തിലുള്ള മോട്ടോറൈസ്ഡല്ലാത്ത ഗതാഗത സംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കും. അതിന്റെ ഭാഗമായി നമ്മുടെ റോഡുകളിൽ, വിവിധ സ്ഥലങ്ങളിൽ കഴിയാവുന്നത്ര സൈക്കിൾ പാതകൾ പ്രത്യേകമായി നിർമ്മിക്കുന്നതിന് ശ്രദ്ധിക്കും. മണ്ണിനും നിലവിലുള്ള പരിസ്ഥിതിക്കും ദോഷം വരുത്താത്ത

കൃഷിരീതികൾ കൊണ്ടുവരും. പരിസ്ഥിതി ലോലപ്രദേശങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ജൈവമാലിന്യത്തിന്റെ സംസ്കരണത്തിലൂടെ ഹരിതഗൃഹ വാതകങ്ങളുടെ വർദ്ധനവ് തടയുന്നതിനും അതോടൊപ്പം ടൂറിസം രംഗത്ത് "കാർബൺ ന്യൂട്രൽ ടൂറിസം" പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള നടപടികളും സ്വീകരിക്കും. ഇവിടെ പാരിസ്ഥിതിക സംരക്ഷണ പ്രവർത്തനങ്ങളിൽ വന്നുചേർന്നിട്ടുള്ള ദൗർബല്യങ്ങൾ പരിഹരിക്കുക എന്നതുതന്നെയാണ് സർക്കാർ ലക്ഷ്യംവയ്ക്കുന്നത്. സാമൂഹിക വനവൽക്കരണ പദ്ധതിയുടെ ഭാഗമായി നമ്മുടെ പരിസ്ഥിതിക്ക് അനുയോജ്യമല്ലാത്ത നിരവധി മരങ്ങൾ പിഴുതുമാറ്റുന്ന സാഹചര്യം നിലനിൽക്കുന്നുണ്ട്. അതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. യൂക്കാലിപ്റ്റസ്, അക്കേഷ്യ, വാട്ടിൽ തുടങ്ങിയ മരങ്ങൾ ഇതിന്റെ ഭാഗമായി കടന്നുവന്നവയാണ്. ഇവയെ പിഴുതുമാറ്റി ഓരോ പ്രദേശത്തിന്റെയും സവിശേഷതകൾ മനസ്സിലാക്കി മരങ്ങൾ വച്ചുപിടിപ്പിക്കാനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ട്. വനവൽക്കരണ നടപടികൾ അതോടൊപ്പം സ്വീകരിക്കുകയാണ്. റോഡിന് ഇരുവശവും മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള നടപടികൾ

ഊർജ്ജിതമാക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പരിഗണിക്കും. ഇതുസംബന്ധിച്ച് ഒരു നയം സംസ്ഥാന സർക്കാർ ആവിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അത്തരം ഒരുനയം രൂപീകരിക്കുന്നതിന് ഒരു കാബിനറ്റ് സബ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് 2019 ഏപ്രിലിലാണ് State Action Plan On Climate Change, Government of India ഒരു Action Plan On Climate Change റിവിഷനുവേണ്ടി ഗൈഡ്ലൈൻസ് പുറത്തിറക്കിയിരിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന പരിസ്ഥിതി വകുപ്പ് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി പ്രധാന വകുപ്പുകളായ കൃഷി, മൃഗസംരക്ഷണം, വനം, ജൈവവൈവിദ്ധ്യം, ടൂറിസം, ആരോഗ്യം, ജലവിഭവം, തീരദേശം, മത്സ്യവിഭവം തുടങ്ങിയവയുടെ കാലാവസ്ഥാഘാത വിലയിരുത്തൽ നടത്തുകയും ഈ വകുപ്പുകളുമായി ചർച്ച ചെയ്യുകയും ശില്പശാല നടത്തി അത് പൂർത്തീകരിക്കുകയുമാണ്.

കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് ഈ കാര്യങ്ങൾ അവതരിപ്പിക്കുമ്പോഴും ഒരു പ്രശ്നം അതിന്റെ കൂടെ ഉയർന്നുവന്നു. നമ്മുടെ കേരളം ഒരുതരത്തിലും ഇപ്പോൾ മുന്നോട്ടുപോകരുത്, തീരെ

മുന്നോട്ടുപോകരുത് എന്ന ആവശ്യം അവർ എടുക്കുന്നുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. പക്ഷേ ഇപ്പോൾ പുതിയൊരു പദ്ധതിയും നടപ്പാക്കാനാകരുത്. അതാണ് ഞങ്ങൾ പണ്ട് അതിവേഗ റെയിൽ ആലോചിച്ചതാണെങ്കിലും നിങ്ങളിപ്പോൾ ഹൈ സ്പീഡ് റെയിൽ തൊടേണ്ടതില്ല എന്ന് ഇതിന്റെ അവസാന ഭാഗത്ത് ബഹുമാനപ്പെട്ട പി. സി. വിഷ്ണുനാഥ് പറയാൻ നിർബന്ധിതനായത് എന്ന് തോന്നുന്നത്. ഇത് അങ്ങേയറ്റം നിർഭാഗ്യകരമായ നിലപാടാണ്. നമ്മുടെ നാടിന്റെ വികസനത്തിന് ആവശ്യമാണെന്ന് കണ്ടതുകൊണ്ടാണ് നേരത്തെ നിങ്ങൾ ഈ പദ്ധതി ആലോചിച്ചത്, തുടർന്ന് നല്ല രീതിയിൽ കൊണ്ടുപോകാൻ നിങ്ങൾക്ക് കഴിഞ്ഞില്ല. ഇന്ന് അത് തുടർന്ന് കൊണ്ടുപോകാനുള്ള സാഹചര്യമുണ്ട്. അതുകൊണ്ട് ഇക്കാലത്തതുവേണ്ട എന്നൊരു സമീപനം ഉപേക്ഷിച്ച് അതുമായി സഹകരിക്കുന്ന നിലപാടാണ് നിങ്ങൾ സ്വീകരിക്കേണ്ടതെന്നാണ് എനിക്ക് ഈ ഘട്ടത്തിൽ പറയാനുള്ളത്. ഇത്തരം ഒരു നിർഭാഗ്യകരമായ സാഹചര്യം സൃഷ്ടിക്കാൻ പാടില്ലായിരുന്നു. ഞാൻ അതിലേയ്ക്ക് കൂടുതലായി പോകുന്നില്ല. കാലാവസ്ഥാ വ്യതിയാന കാര്യത്തിൽ നമുക്ക് ഏകനില സ്വീകരിച്ചുപോകാം. ജനങ്ങളെ നല്ലരീതിയിൽ ബോധവൽക്കരിക്കുന്ന

പ്രവർത്തനങ്ങൾ നടത്താം. നമുക്കാവശ്യമായ എന്തെല്ലാം നടപടികൾ സ്വീകരിക്കേണ്ടതുണ്ടോ, അത് സ്വീകരിക്കാം. അതിനുള്ള വിദഗ്ദ്ധ സമിതികളെ രൂപീകരിച്ചുകഴിഞ്ഞിട്ടുണ്ട്. അവരുടെ റിപ്പോർട്ട് അതിനനുസരിച്ച് വരാം. അന്താരാഷ്ട്ര പ്രശസ്തരായ ആളുകളെയടക്കം ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പ്രത്യേക കോൺക്ലേവ് ഇവിടെ സംഘടിപ്പിക്കുന്ന കാര്യവും ഇതിന്റെ കൂടെത്തന്നെ ആലോചിക്കുകയും ചെയ്യാം. അതുകൊണ്ട് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യം ഇതിൽ വരുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രമേയാവതാരകനും കാലാവസ്ഥാ വ്യതിയാനം, അതുണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ എന്നിവയെ സംബന്ധിച്ചും അതിന്റെ പ്രാധാന്യത്തെക്കുറിച്ചും ഇവിടെ പറഞ്ഞു. സഭാ നേതാവുകൂടിയായ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഒരു അടിയന്തരപ്രമേയത്തിന്റെ പരിധിയിൽമാത്രം നിന്ന് ചർച്ച ചെയ്യേണ്ടതാണൊയെന്ന പ്രശ്നവുമുന്നയിച്ചു. ചട്ടം 58, 130 എന്നിവയെല്ലാം ഉപയോഗിച്ചുകൊണ്ട് സമഗ്രവും വിശദവുമായ

ചർച്ചയ്ക്ക് സാധ്യതയുണ്ട്. മറ്റൊരവസരത്തിൽ നമുക്കത് ആലോചിക്കാവുന്നതാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞ അഭിപ്രായത്തോട് ഞാൻ യോജിക്കുകയാണ്. മുഖ്യമന്ത്രി ഉന്നയിച്ച കാര്യത്തിന് പ്രസക്തിയുണ്ട്. കാരണം അത് വേറൊരുതലത്തിൽ സഭാ നടപടികൾ നിർത്തിവച്ചോ നിർത്തിവയ്ക്കാതെയോ ചർച്ച ചെയ്യപ്പെടേണ്ട വളരെ പ്രധാനപ്പെട്ട വിഷയമാണ്. പക്ഷേ ഈ നിയമസഭാ സമ്മേളനത്തിലെ പരിമിതികൾ, ബില്ലുകൾ പാസ്സാക്കുന്നതിനായി ഞങ്ങൾ പൂർണ്ണ സഹകരണം നടത്തുകയും രണ്ടുമൂന്ന് ദിവസത്തെ അവധികൾ വന്നപ്പോൾ ആ അവധികൾകൂടി പരിഗണിച്ചുകൊണ്ട്, നാലും അഞ്ചും നിയമങ്ങളുടെ നിർമ്മാണം ഒരു കാലത്തുമില്ലാത്ത രീതിയിൽ നടന്നപ്പോൾ ഞങ്ങൾ സഹകരിക്കുകയാണ് ചെയ്തത്. അതിന്റെയിടയിൽ ഇങ്ങനെയൊരു ചർച്ചയ്ക്ക് സാധ്യതയില്ലാത്തതുകൊണ്ടും വളരെ പ്രധാനപ്പെട്ട വിഷയമായി..., ഇന്നലെ IMD (Indian Meteorological Department) പുറത്തുവിട്ടത് വളരെ അപകടകരമായ ഒരു മുന്നറിയിപ്പാണ്. അതിൽ ഏറ്റവും അവസാനം പറയുന്നത് "Those residing in hilly areas have been urged to maintain

vigil as landslides and flooding are likely to occur in vulnerable spots" എന്നാണ്. ഐ.പി.സി.സി. റിപ്പോർട്ടിന്റെയും നാസയുടെ വിശകലനത്തിന്റേയും പശ്ചാത്തലത്തിൽ വളരെ ഗൗരവത്തോടുകൂടി ചർച്ച ചെയ്യുകയും ഹ്രസ്വകാലത്തേയ്ക്കും ദീർഘകാലത്തേയ്ക്കുമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തില്ലെങ്കിൽ, ഓരോ ദിവസവുമെന്ന രീതിയിൽ അപകടങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കും. അതിന്റെ ഗൗരവംകൂടി കണക്കിലെടുത്തുകൊണ്ടാണ് റൂൾ 50 പ്രകാരം നോട്ടീസ് കൊടുത്തത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഗ്ലാസ്ഗോ ഉച്ചകോടിയെപ്പറ്റി പറഞ്ഞു. ഗ്ലാസ്ഗോ-യിലെ പാരിസ്ഥിതിക ഉച്ചകോടി നടക്കുമ്പോൾ, ലോകത്ത് ആദ്യമായി നടന്ന പാരിസ്ഥിതിക ഉച്ചകോടി, 1972-ൽ സ്വീഡന്റെ തലസ്ഥാനമായ സ്റ്റോക്ക്ഹോമിൽ വച്ച് നടന്ന ഉച്ചകോടിയാണ്. അന്ന് അതിൽ പങ്കെടുത്തുകൊണ്ട് ഇന്ദിരാ ഗാന്ധി നടത്തിയ പ്രസംഗമാണ് പിന്നീട് ഏറ്റവും കൂടുതൽ ലോകശ്രദ്ധയാകർഷിച്ചത്. നിസ്വരായ ജനങ്ങൾക്കും നിശബ്ദയാക്കപ്പെടുന്ന പ്രകൃതിയോടുമൊപ്പം നിൽക്കുന്ന ഒരു പ്രസംഗമായിരുന്നു അത്. അതിന് പ്രകൃതി ധ്വംസനവും ദാരിദ്ര്യവും തമ്മിൽ ബന്ധമുണ്ട്, പട്ടിണിയും തമ്മിൽ ബന്ധമുണ്ടെന്ന് സ്ഥാപിച്ച വികസ്വര

രാജ്യങ്ങളുടെ ശബ്ദമായിരുന്നു. ലോകത്തിന്റെ പ്രയോറിറ്റി മാറ്റിമറിക്കാൻ വേണ്ടിയല്ല ഞങ്ങളിത് പറയുന്നത്. മറിച്ച് ലോകത്ത് ഏറ്റവും ദുരിതമനുഭവിക്കുന്ന ജനങ്ങളുടെ ഭാവിയെക്കുറിച്ചുള്ള കാഴ്ചപ്പാടാണ് പ്രകൃതി സംരക്ഷണമെന്ന വാക്കാണ് ഇന്ദിരാ ഗാന്ധി ഉയർത്തിയത്. അത് ഇന്നും നമ്മുടെ മനസ്സിൽ മുഴങ്ങുകയാണ്. അഞ്ച് പതിറ്റാണ്ടുകൾ കഴിഞ്ഞിട്ടും എത്ര ദീർഘവീക്ഷണത്തോടുകൂടിയാണ് ഇന്ദിരാ ഗാന്ധി അത് പറഞ്ഞത്. ഐ.പി.സി.സി. റിപ്പോർട്ടും നാസയുടെ വിശകലനവും വന്നപ്പോൾ, ഏറ്റവും അപകടകരമായ മേഖലയായി നമ്മുടെ മേഖലയും മാറിയിരിക്കുകയാണ്. ഇന്ത്യയിലെ മൺസൂണിനുപോലും വളരെ അടിസ്ഥാനപരമായ മാറ്റമുണ്ടാകാൻ പോകുകയാണ്. നമുക്ക് ഇതിന്റെ സൂചന, ഐ.പി.സി.സി. റിപ്പോർട്ടിനുമുമ്പുതന്നെ ലഭിച്ചിരുന്നു. 2017 മുതൽ തുടർച്ചയായ അഞ്ചാം വർഷവും ഈ കാലാവസ്ഥാ വ്യതിയാനമുണ്ടാക്കുന്ന നിരവധി പ്രശ്നങ്ങൾ നമ്മുടെ സംസ്ഥാനം അഭിമുഖീകരിക്കുകയാണ്. കഴിഞ്ഞ രണ്ടുമൂന്നു വർഷമായി, അറബിക്കടലിലുണ്ടാകുന്ന മാറ്റങ്ങളുടെയെല്ലാം ഇരകളായി തീരുന്നത് ഈ തീരപ്രദേശത്ത് താമസിക്കുന്ന നമ്മളാണ്. മേഘ സ്ഫോടനവും ചക്രവാത ചുഴിയും അതിതീവ്ര മഴയും കടലിലെ ചൂട് കൂടുന്നതുമെല്ലാം അതീവ

പാരിസ്ഥിതിക ദുർബല മേഖലയാക്കി നമ്മുടെ സംസ്ഥാനത്തെ മാറ്റിയെന്നുള്ള യാഥാർത്ഥ്യം നമ്മൾ തിരിച്ചറിയണം. ആദ്യം കാലാവസ്ഥാ വ്യതിയാനത്തെപ്പറ്റി പറഞ്ഞപ്പോൾ, നമ്മുടെ ജനറേഷനിൽ ഇതുണ്ടാകില്ലെന്നാണ് വിചാരിച്ചത്. പക്ഷേ നമ്മുടെ തലമുറ ജീവിക്കുന്ന ഈ കാലഘട്ടത്തിൽത്തന്നെ അതിന്റെ വ്യക്തമായ സൂചനകളും അടയാളങ്ങളും അതിന്റെ പ്രശ്നങ്ങളുമെല്ലാം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഐ.പി.സി.സി. റിപ്പോർട്ടിൽ വളരെ ഗൗരവതരമായ ചില കണ്ടെത്തലുകളുണ്ട്. നാസ അതിനെ വിശകലനം ചെയ്തപ്പോൾ വളരെ പ്രധാനപ്പെട്ട, കന്യാകുമാരിമുതൽ ഗുജറാത്തുവരെയുള്ള തീരപ്രദേശങ്ങളിൽ ഉണ്ടാകാൻ സാധ്യതയുള്ള വലിയ മാറ്റങ്ങളെപ്പറ്റി പറയുന്നുണ്ട്. ഇതിന്റെ ഇരകളെന്ന് പറയുന്നത്, ഏറ്റവും ദുർബലമായ ജനവിഭാഗങ്ങളാണ്. ആദിവാസികളും കർഷകരും മത്സ്യത്തൊഴിലാളികളും അതുപോലെ ചെറിയ തോടരുകിലും പുഴയുടെ അരികിലും ജീവിക്കുന്ന സാധാരണക്കാരായ ജനങ്ങളാണ്, അവരുടെ ജീവിതമാണ് ഓരോ പ്രകൃതി ദുരന്തങ്ങളിലും കൂടുതൽ ദുഷ്കരമായിത്തീരുന്നത്. അവരുടെ ജീവനാണ് മണ്ണിനടിയിലായി പോകുന്നത്. ഈ റിപ്പോർട്ടിൽ തീവ്രമേഖലയെന്നാണ് നമ്മളെ

വിശേഷിപ്പിക്കപ്പെടുന്നത്. അറേബ്യൻ സമുദ്ര മേഖല തീവ്രമേഖലയായിട്ടാണ് പറഞ്ഞിട്ടുള്ളത്. തീവ്രമേഖലയെന്നാൽ ആവർത്തിച്ചാവർത്തിച്ച് പ്രകൃതി ദുരന്തങ്ങളുണ്ടാകാൻ സാധ്യതയുള്ള സ്ഥലമാണെന്നാണ്. പല തരത്തിലുള്ള പ്രകൃതി ദുരന്തങ്ങളുണ്ടാകാം. ഇപ്പോൾ മലയിടിച്ചിൽ ഒരു വശത്തുണ്ട്. കേരളം നേരിടുന്നത് വളരെ ഗുരുതരമായ മൂന്ന് പ്രശ്നങ്ങളാണ്. ഒന്ന്, പശ്ചിമഘട്ട മലനിരകളിൽ തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്ന ആയിരക്കണക്കിന് ചെറുതും വലുതുമായ മലയിടിച്ചിലുകൾ, നമ്മുടെ ഇടനാട്ടുകളിൽ ചെറിയൊരളവ് വെള്ളം പൊങ്ങിയാൽ എല്ലാവരുടേയും ജീവിതം ദുരിതത്തിലാഴ്ത്തി, പട്ടണങ്ങളും ഗ്രാമങ്ങളുമെല്ലാം വെള്ളത്തിനടിയിലായി പോകുന്ന ദുരിതപൂർണ്ണമായ പ്രശ്നങ്ങൾ, നമ്മുടെ നദികൾ കരകവിയുന്നത്, നദികളിൽ മണ്ണും മണലും അടിഞ്ഞതുകാരണം കുറച്ച് വെള്ളം കയറിയാൽ മാത്രം തീരപ്രദേശങ്ങളിൽ ജീവിക്കുന്ന സാധാരണക്കാരുടെ ജീവിതം എത്രയും പെട്ടെന്ന് ദുരിതപൂർണ്ണമാകുന്നത്. അഞ്ചുമിനിട്ട് മഴ നിർത്താതെ പെയ്താൽപ്പോലും വെള്ളം പൊങ്ങുന്ന പല പ്രദേശങ്ങളുണ്ട്. അങ്ങനെയുള്ള vulnerable ആയിട്ടുള്ള ധാരാളം സ്പോട്ടുകളുള്ള ഒരു പ്രദേശമാണ് ഇടനാടായിട്ടുള്ള പ്രദേശം. 580 കിലോമീറ്റർ

തീരപ്രദേശമുള്ളതിൽ, തൊണ്ണൂറ് ശതമാനം തീരപ്രദേശവും അപകടമേഖലയിലാണ്. കടലാക്രമണം എല്ലാ സ്ഥലത്തും വർദ്ധിക്കുകയാണ്. ഓരോ വർഷവും കടൽ കരയിലേയ്ക്ക് കയറിക്കൊണ്ടിരിക്കുകയാണ്. വീട് കാറ്റെടുത്തും കടലെടുത്തും പോയവരുടെ എണ്ണം വർദ്ധിക്കുകയാണ്. കേരളത്തിൽ ഈ തീരപ്രദേശത്തും അതുപോലെ പ്രകൃതി ദുരന്തങ്ങളിലുംപെട്ട് ഭവനരഹിതരായിത്തീർന്ന എത്രയോപേർ ക്യാമ്പുകളിൽ താമസിക്കുന്നുണ്ട്. സർക്കാരിന്റെ കയ്യിൽ അതിന്റെ കണക്കുകളുണ്ടായിരിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. മത്സ്യത്തൊഴിലാളികളും ആദിവാസികളും ക്യാമ്പുകളിൽ താമസിക്കുന്നുണ്ട്. ഈ പ്രകൃതി ദുരന്തങ്ങൾക്കിരയായ ധാരാളം ആളുകൾ, കഴിഞ്ഞ ആറ് വർഷമായി ക്യാമ്പുകളിൽ താമസിക്കുന്നവരുണ്ട്. തിരുവനന്തപുരത്ത് നമ്മുടെ മൂക്കിന് താഴെയുള്ള പ്രദേശത്ത്, സ്കൂൾ തുറക്കാൻ പോകുന്നു നിങ്ങൾ ഇറങ്ങിപ്പോകണമെന്ന് സ്കൂൾ അധികൃതർ ക്യാമ്പുകളിൽ ചെന്ന് പറയുന്നു. അവർ എവിടെയാണ് ഇറങ്ങിപ്പോകേണ്ടത്; എവിടേയ്ക്കാണ് ആ പാവങ്ങൾ ഇറങ്ങി പോകേണ്ടത്? സ്കൂൾ തുറക്കാൻ പോകുന്നു, സ്കൂളിൽ കുട്ടികൾക്ക് ഇരിക്കാനുള്ള സൗകര്യമൊരുക്കേണ്ടതുണ്ടെന്നാണ് പറയുന്നത്. അവർ

എങ്ങോട്ട് ഇറങ്ങിപ്പോകണമെന്ന് പറയുന്നില്ല. കഴിഞ്ഞ അഞ്ചാറ് വർഷമായി ധാരാളം ആളുകൾ ക്യാമ്പുകളിൽ താമസിക്കുകയാണ്. അതുകൊണ്ട് അവർക്കുവേണ്ടി അടിയന്തരമായിട്ടുള്ള പുനരധിവാസ പദ്ധതികൾ ഗവൺമെന്റ് ആവിഷ്കരിക്കണം. ഈ ക്യാമ്പുകളിൽ ഒരാഴ്ചയിൽ കൂടുതൽ എങ്ങനെയാണ് താമസിക്കുന്നത്? ഒന്നുമുതൽ ആറുവർഷം വരെ ക്യാമ്പുകളിൽ താമസിക്കുന്ന ആളുകൾ കേരളത്തിലുണ്ട്, ഈ തിരുവനന്തപുരം ജില്ലയിലുമുണ്ടെന്ന കാര്യം നമ്മൾ തിരിച്ചറിയണം. ഇതെല്ലാം ഓരോ ദുരന്തങ്ങളുടേയും ഫലമാണ്. കാരണം പ്രളയംവന്ന് വെള്ളമൊഴുകിപ്പോയാൽ അവിടെ പോയി ഒരു കൂരയെങ്കിലും കുത്തിക്കൂട്ടാം. കടലാക്രമണം നടന്ന സ്ഥലങ്ങളിൽ അവർ തിരികെ ചെല്ലുമ്പോൾ അവിടെ കടലാണ് കാണുന്നത്. പൂവാറിലും സെന്റ് ആൻഡ്രൂസ് സ്കൂളിലെല്ലാം വർഷങ്ങളായി ക്യാമ്പുകളിൽ താമസിക്കുന്ന ആളുകളുണ്ടെന്ന് നമ്മൾ തിരിച്ചറിയണം. ഇവിടെ വികസന കാഴ്ചപ്പാടുകളെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, development perspective. സാധാരണ നമ്മൾ വികസന കാഴ്ചപ്പാടുകൾ എങ്ങനെയാണുണ്ടാക്കുന്നത്? സാമൂഹികവും സാമ്പത്തികവുമായ കാരണങ്ങളാണ് നമ്മുടെ വികസനത്തിന്റെ കാഴ്ചപ്പാട്.

അത് മാറ്റേണ്ട സമയം കഴിഞ്ഞു. കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനങ്ങളെക്കൂടി ഗൗരവമായി ഒരു മാനദണ്ഡമാക്കി മാറ്റിക്കൊണ്ടു മാത്രമേ നമുക്ക് വികസന കാര്യങ്ങൾ രൂപപ്പെടുത്താൻ കഴിയൂ. അതുകൊണ്ടാണ് സിൽവർ ലൈനിനെക്കുറിച്ച് ഞങ്ങൾ ഉത്കണ്ഠ പ്രകടിപ്പിച്ചത്. സിൽവർ ലൈൻ നടപ്പിലായാലുണ്ടാകുന്ന പാരിസ്ഥിതിക ആഘാതത്തെക്കുറിച്ചുള്ള പഠനംപോലും സർക്കാർ നടത്തുന്നില്ല. ഞങ്ങൾ ഒരു പദ്ധതിയേയും എതിർക്കുന്നില്ല. അത് ഞങ്ങളുടെ രീതിയല്ല. അങ്ങ് പറഞ്ഞു കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ചില പ്രശ്നങ്ങളുണ്ടായെന്ന്. ആ പ്രശ്നങ്ങളുണ്ടായപ്പോൾ ആ ഗവൺമെന്റ് ഇടപെട്ട്, അവ തിരുത്തുകയാണ് ചെയ്തത്. ചില തീരുമാനങ്ങളെടുക്കുമ്പോൾ ഒരു ഗവൺമെന്റിന് തെറ്റുകൾ പറ്റാം. അവ ചൂണ്ടിക്കാണിച്ചപ്പോൾ തിരുത്തുകയാണ് ചെയ്തത്. സിൽവർ ലൈൻ പോലെയുള്ള ഒരു പദ്ധതി, അങ്ങിപ്പോൾ പറഞ്ഞ വികസന പരിപ്രേക്ഷ്യവുമായി എന്ത് ബന്ധമാണുള്ളത്? ഒരു പാരിസ്ഥിതികാഘാത പഠനംപോലും നടത്താതെ, മുപ്പത് അടി ഉയരത്തിലുള്ള എംപാംക്മെന്റിലൂടെ മുന്നൂറ് കിലോമീറ്റർ പോകുന്ന കേരളത്തെ കോട്ടയാക്കി മാറ്റുന്ന...., അതിനെ സംബന്ധിച്ച്.., പാരിസ്ഥിതികാഘാതത്തെപ്പറ്റി, അതിന്റെ സോഷ്യൽ

ഇംപാക്ടിനെപ്പറ്റി, എക്കണോമിക് വയബിലിറ്റിയെപ്പറ്റി ഗൗരവതരമായ ചോദ്യങ്ങൾ ഞങ്ങൾ സഭയിൽ ഉയർത്തിയിട്ടുണ്ട്. ഞങ്ങൾ വളരെ വിശദമായ പഠനം നടത്തിയിട്ടാണ് ചോദ്യങ്ങൾ ചോദിച്ചത്. യു.ഡി.എഫ്.-ലെ വിവിധ കക്ഷികളുമായി ഗൗരവത്തോടെ ചർച്ച ചെയ്തിട്ടാണ് ഞങ്ങൾ ആ വിഷയം ഫ്ലോറിൽ അവതരിപ്പിച്ചത്. ഒരടിസ്ഥാനവുമില്ലാതെയല്ല, വളരെ ഗൗരവത്തോടെയാണ് ഞങ്ങൾ ആ ചോദ്യങ്ങളുന്നയിച്ചത്. അതാണ് ശ്രീ. പി. സി. വിഷ്ണുനാഥ് ഇന്നത്തെ ക്ലൈമാറ്റിക് റിപ്പോർട്ടും കാലാവസ്ഥാ വ്യതിയാനവും ഈ അപകടകരമായ സാഹചര്യത്തേയുംകൂടി ചേർത്തുവച്ചുകൊണ്ട് സംസാരിച്ചത്. ഞങ്ങൾ, ഗവൺമെന്റിനെ കുറ്റപ്പെടുത്തേണ്ട കാര്യങ്ങളിൽ കുറ്റപ്പെടുത്തും. അങ്ങ് മറുപടി പറഞ്ഞ സമയത്ത് ശ്രീ. പി. സി. വിഷ്ണുനാഥ് ഉയർത്തിയ ചില ചോദ്യങ്ങൾക്ക് മറുപടി പറഞ്ഞില്ല. Climate changes-നെക്കുറിച്ചുള്ള ഒരു സ്റ്റഡി സെന്ററുണ്ടാക്കിയിട്ട് അതെങ്ങനെ നടക്കുന്നു, വിദഗ്ധരേയും നിയമിക്കുന്നില്ല, ഒരു പഠനവും അവിടെ നടക്കുന്നില്ല.

ശ്രീ. പിണറായി വിജയൻ: സർ, വീണ്ടും അക്കാര്യം അങ്ങ് ഉന്നയിച്ചതുകൊണ്ട് പറയുകയാണ്, 2014 -ലിലാണ് ഇവിടെ സൂചിപ്പിച്ച

കേരള സ്റ്റേറ്റ് ആക്ഷൻ പ്ലാൻ ഓൺ ക്ലൈമറ്റ് ചെയിഞ്ച് (SAPCC)എന്ന ഡോക്യുമെന്റ് തയ്യാറാക്കിയത്, പ്രസ്തുത രേഖ കേന്ദ്രഗവൺമെന്റിന് അയച്ചുകൊടുക്കുകയും ചെയ്തു. എന്നാൽ ഇതിനിടയ്ക്ക് 2015-ൽ പാരീസ് ഉടമ്പടി നിലവിൽവന്നു. പ്രസ്തുത ഉടമ്പടിയിൽ രൂപംകൊണ്ട ധാരണകളുടെ അടിസ്ഥാനത്തിൽ, നേരത്തെ സംസ്ഥാനങ്ങൾ തയ്യാറാക്കിയ ആക്ഷൻപ്ലാൻ പുതുക്കിനിശ്ചയിക്കണമെന്ന് കേന്ദ്രസർക്കാർ എല്ലാ സംസ്ഥാനങ്ങളെയും അറിയിച്ചു. 2019-ൽ ലഭിച്ച കേന്ദ്ര നിർദ്ദേശാനുസരണമാണ് പുതുക്കൽ ചർച്ചകൾ ഇവിടെ നടന്നുവരുന്നത്. കേന്ദ്ര പരിസ്ഥിതി മന്ത്രാലയം ഇതിനായി ജർമ്മൻ സാങ്കേതിക വിദ്യ ലഭ്യമാക്കി, അതാണ് ജി-12 ഇൻഡ്യ. 18 സംസ്ഥാനങ്ങളുമായി കേന്ദ്രഗവൺമെന്റ് ഇക്കാര്യത്തിൽ ഉടമ്പടിയുംവച്ചു. അതിന്റെ തുടർച്ചയായാണ് നേരത്തെ ഇവിടെ സൂചിപ്പിക്കപ്പെട്ട ശിൽപ്പശാലയും ചർച്ചകളും നടക്കുന്നത്. അതിന്റെയെല്ലാം അടിസ്ഥാനത്തിൽ ജർമ്മൻ സഹായം തേടിക്കൊണ്ട് സാങ്കേതിക വിദഗ്ദ്ധർ ഇവിടെ പ്രവർത്തിച്ചുവരുന്നു. ഇതുസംബന്ധിച്ച പുതുക്കിയ റിപ്പോർട്ട് സർക്കാരിന് ലഭിക്കുമ്പോൾ മാത്രമാണ് മന്ത്രിസഭയ്ക്ക് അക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കാൻ കഴിയുന്നത്. ഇവിടെ വീണ്ടും പറഞ്ഞത് വ്യക്തത

വരുത്താൻവേണ്ടി മാത്രമാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, നേരത്തെയുണ്ടാക്കിയ ആക്ഷൻപ്ലാൻ 2014-ൽ പുതുക്കിയിരുന്നു. പാരിസ് ഉടമ്പടിയുടെ ഭാഗമായി കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച കേന്ദ്ര നയങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടെങ്കിലും 2018 -ൽത്തന്നെ സ്റ്റേറ്റ് ആക്ഷൻ പ്ലാനിന്റെ കരട് റിപ്പോർട്ട് തയ്യാറാക്കിക്കഴിഞ്ഞിട്ടുണ്ട്. 2018-ൽ തയ്യാറാക്കിയ കരട് റിപ്പോർട്ടിന്മേൽ മൂന്ന് വർഷം കഴിഞ്ഞിട്ടും, ഇത്രമാത്രം പ്രകൃതി ദുരന്തങ്ങൾ കേരളത്തിലുണ്ടായിട്ടും പ്രഥമപരിഗണന കൊടുത്തുകൊണ്ട് അന്തിമ റിപ്പോർട്ട് തയ്യാറാക്കാൻ ഗവൺമെന്റ് ശ്രമിച്ചില്ലെന്നത് ഞങ്ങളുടേ ഒരു ആരോപണമല്ല, ആക്ഷേപംതന്നെയാണ്. ശ്രീ. പി. സി. വിഷ്ണുനാഥ് ഇവിടെ ഉന്നയിച്ചത് ആ ആക്ഷേപംതന്നെയാണ്. അദ്ദേഹം Rebuild Kerala Initiative -നെക്കുറിച്ചും പറഞ്ഞു. പ്രസ്തുത പ്രഖ്യാപനത്തിൽ വലിയ പ്രതീക്ഷകളുണ്ടായിരുന്നു. കാഴ്ചപ്പാടുകളുടെ കുറവും പദ്ധതികളുടെ ഇല്ലായ്മയും ഇച്ഛാശക്തിയുടെ കുറവുകൊണ്ടും Rebuild Kerala Initiative പദ്ധതി നല്ലരീതിയിൽ പോകുന്നില്ല. പദ്ധതി നല്ലരിതിയിൽ പോകുന്നുണ്ടെന്ന് നമുക്ക് അവകാശപ്പെടാൻ പറ്റുമോ? Rebuild Kerala Initiative-ലെ ഏറ്റവും

പ്രധാനപ്പെട്ട ഘടകം ആകേണ്ടിയിരുന്നത് ഈ Risk Mitigation പ്രോജക്ടുകളാണ്. വീട് വച്ചുകൊടുക്കുന്നതും ദുരിതാശ്വാസ പ്രവർത്തനങ്ങളും പുനരധിവാസ പ്രവത്തനങ്ങളും ഇതിന്റെ മറ്റു ഘടകങ്ങളാണെന്നതിൽ ഞാനും യോജിക്കുന്നു. പക്ഷേ സുപ്രധാന ഘടകമായി വരേണ്ടത് ഞങ്ങളെല്ലാം അന്ന് ഉന്നയിച്ച പ്രശ്നമായ Risk Mitigation മെത്തേഡുകളാണ്. കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ മുന്നറിയിപ്പ് സംവിധാനങ്ങൾ മെച്ചപ്പെടുത്തുക, ഫ്ലഡ് മാപ്പിംഗ് നടത്തുക തുടങ്ങിയ നിരവധി കാര്യങ്ങൾ നേരത്തെ അവതരണത്തിൽ സംസാരിച്ച ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാട്ടിയതിനാൽ ഞാൻ ആവർത്തിക്കുന്നില്ല. അത്തരം നിരവധി കാര്യങ്ങൾകൂടി Rebuild Kerala Initiative -ലെ പ്രധാന ഘടകങ്ങളായിരുന്നു, അവയുടെയൊന്നും പ്രവർത്തനം ഇതുവരെ തുടങ്ങിയിട്ടില്ല. കാര്യമായ Risk Mitigation പ്രോജക്ടുകൾ ഒന്നുംതന്നെ ചെയ്തിട്ടില്ല. ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി കാര്യമായ ഒരു സംഭാവനയും ചെയ്തിട്ടില്ല. ഞാൻ ദുരന്ത നിവാരണ അതോറിറ്റിയെക്കുറിച്ച് ആവർത്തിച്ചാവർത്തിച്ച് പറയാൻ ആഗ്രഹിക്കുന്നില്ല. അവയുടെ പ്രവർത്തനം നിങ്ങൾതന്നെ വിലയിരുത്തിനോക്കണം. കേരളത്തിന്റെ ഇന്നത്തെ

പ്രത്യേകമായ സാഹചര്യത്തിൽ ചെയ്യേണ്ട എന്തെങ്കിലും ക്രിയേറ്റീവ് സ്റ്റെപ്പ് അവർ എടുത്തിട്ടുണ്ടോയെന്ന് ഗൗരവമായി പരിശോധിക്കണം. ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ നമ്മൾ ഇപ്പോഴും അവലംബിച്ചുകൊണ്ടിരിക്കുന്നത് പഴഞ്ചൻ രീതികൾ തന്നെയാണ്. കാലാവസ്ഥാ മുന്നറിയിപ്പ് സംവിധാനം മെച്ചപ്പെടുത്താനും ദുരന്ത നിവാരണ സംവിധാനങ്ങൾ കുറേക്കൂടി വേഗത്തിലാക്കാനും പാരിസ്ഥിതികമായിട്ടുള്ള ഓഡിറ്റിംഗ് നടത്താനും നമുക്ക് കഴിഞ്ഞിട്ടില്ല. പശ്ചിമഘട്ട മലനിരകളിൽ പ്രകൃതിക്കിണങ്ങാത്ത സംഭവങ്ങളൊക്കെ നടക്കുകയാണ്. മലയിടിക്കലും ക്വാറികളുടെ പ്രവർത്തനങ്ങളുമൊക്കെ നടക്കുകയാണ്. 2018-നുശേഷം ഗവൺമെന്റ് ഇരുന്നൂറിലധികം ക്വാറികൾക്ക് ലൈസൻസ് കൊടുത്തു. ഇതുസംബന്ധിച്ച ഒരു ഓഡിറ്റിംഗ് എന്തുകൊണ്ടാണ് ഗവൺമെന്റ് നടത്താത്തത്? അവ്യക്തമായ മറുപടികളല്ല നമുക്ക് അക്കാര്യത്തിൽ ആവശ്യം. നാം അപകടകരമായ ഒരു സോണിൽ നിൽക്കുകയാണ്. ഒരുവശത്ത് കർഷകരെ മുന്നിൽനിർത്തിക്കൊണ്ട് അതിനെതിരെയുള്ള നീക്കം നടക്കുകയാണ്. ആത്യന്തികമായി ഇതിന്റെയെല്ലാം ഇരകളായി മാറുന്നത് പാവപ്പെട്ട കർഷകരാണ്, അവരുടെ കൃഷിയിടങ്ങൾ

മലയിടിച്ചിലിൽ പോകുന്നു, അവരുടെ വീട് മലവെള്ളപ്പാച്ചിലിൽ ഒലിച്ചുപോകുന്നു, അവരുടെ മക്കൾ മണ്ണിനടിയിൽപ്പെട്ടുപ്പോകുന്നു. അപകടകരമായ ഒരു സ്ഥിതിവിശേഷമാണുള്ളത്. 2017 മുതൽ 2021 വരെയുള്ള ഈ കാലഘട്ടത്തിൽ എന്തെങ്കിലും തരത്തിലുള്ള ഓഡിറ്റിംഗ് അവിടെ നടക്കുന്ന ഖനനത്തെ സംബന്ധിച്ച്, ക്വാറീയിംഗിനെ സംബന്ധിച്ച് നടത്തിയിട്ടില്ലെന്നുമാത്രമല്ല, ക്വാറികൾക്ക് ലൈസൻസ് കൊടുത്തിരുന്നത് നേരത്തേ ഏതുതരത്തിലായിരുന്നുവോ അതിനേക്കാൾ വേഗത്തിൽ ലൈസൻസ് കൊടുക്കാൻ തുടങ്ങിയ വിചിത്രമായ കാഴ്ചയാണ് കഴിഞ്ഞുപോയ വർഷങ്ങളിൽ നാം കണ്ടത്. നൂറുകണക്കിന് മണ്ണിടിച്ചിലുകൾ ഓരോ വർഷവും റിപ്പോർട്ട് ചെയ്യപ്പെടുകയാണ്. കഴിഞ്ഞ ദിവസം നിയമസഭയിൽ ഈ വിഷയം അവതരിപ്പിച്ചശേഷംപോലും കേരളത്തിൽ പശ്ചിഘട്ടമലനിരകളിൽ മണ്ണിടിച്ചിലുകളുണ്ടായി എന്നുള്ള യാഥാർത്ഥ്യം നമ്മൾ അറിയേണ്ടതുണ്ട്. കാലാവസ്ഥാ വ്യതിയാനത്തിന്റെ അതിജീവനമെന്നതാകണം നമ്മുടെ ലക്ഷ്യം. നമ്മുടെ പ്രയോരിറ്റിയായി അത് മാറുന്നില്ല. ഏറ്റവും പ്രയാസമനുഭവിക്കുന്ന ജനങ്ങൾ ഇരകളായി മാറുന്ന അപകടകരമായ സാഹചര്യമുണ്ടാക്കുന്ന കാലാവസ്ഥാ വ്യതിയാനവും

അതുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രകൃതിദുരന്തങ്ങളും നമ്മുടെ തലയ്ക്കുമീതേ ഡെമോക്ലസിന്റെ വാൾ (the Sword of Damocles) പോലെ നിൽക്കുയാണെന്നുള്ളത് യാഥാർത്ഥ്യമാണ്, ഇതാണ് പ്രാഥമികമായി പരിഗണന കൊടുക്കേണ്ട വിഷയം. ദൗർഭാഗ്യവശാൽ കഴിഞ്ഞ നാലഞ്ച് വർഷക്കാലമായി ഗൗരവതരമായതും ക്രിയാത്മകമായതുമായ ഒരു നടപടിയും അതിനുവേണ്ടി ചെയ്യുന്നില്ലെന്നത് ഞങ്ങൾ ഈ സംസ്ഥാനത്തിന്റേയും സഭയുടേയും സർക്കാരിന്റേയും ശ്രദ്ധയിൽക്കൊണ്ടുവരികയാണ്. അതുകൊണ്ട് ഇതുസംബന്ധിച്ച അടിയന്തരമായ ആക്ഷൻപ്ലാൻ ഉണ്ടാകണം. ജനങ്ങളെ രക്ഷിക്കാൻ, അവരുടെ സ്വത്തും ജീവനും പരമാവധി സംരക്ഷിക്കാൻ വേണ്ടിയുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ,

മി. സ്പീക്കർ: ഇന്ന് വാക്കൗട്ട് ഇല്ലല്ലോ...

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, അങ്ങനെയല്ല, പുതിയ കാര്യങ്ങളൊന്നും ഞാൻ പറയുന്നില്ല. അടിയന്തരമായി ചർച്ച ചെയ്യേണ്ട ഒരു വിഷയമല്ല ഇതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, പക്ഷേ ഇതിന് ഒരു

സമയം കാണണ്ടേ? നമ്മുടെ ഈ ഗ്രഹത്തിനുവന്ന കാലാവസ്ഥാ വ്യതിയാനത്തിന് കാരണമാകുന്നതിലെ പങ്ക് കുറയ്ക്കുന്നതിന് കേരളം ഒരു സംയമനം പാലിച്ചാൽ സാധിക്കില്ല, പ്രശ്നം തീരുകയുമില്ല. എന്നാൽ ഇതുസംബന്ധിച്ച മാപ്പിംഗ് നടത്തപ്പെട്ടതിൽ ഏറ്റവും റിസ്ക് അനുഭവപ്പെടുന്ന പ്രദേശങ്ങളുടെ പട്ടികയിൽ കേരളവും വന്നിട്ടുണ്ട്. അതാണ് ഗൗരവമുള്ള വിഷയം. ഇപ്പോൾ വന്നിരിക്കുന്ന കാലാവസ്ഥാ വ്യതിയാനത്തിന്റെ അനന്തരഫലങ്ങൾ നേരിട്ടനുഭവിക്കേണ്ട ഉയർന്ന അപകട സാധ്യതയുള്ള ഒരു സ്ഥലമാണ് ഇന്ന് കേരളം. ആ അവസ്ഥയിൽ ഇതുസംബന്ധിച്ച വിഷയം അടിയന്തരമായി ചർച്ച ചെയ്യണം. നമ്മുടെ ആസൂത്രണം, പദ്ധതികൾ തുടങ്ങിയ കാര്യങ്ങളെല്ലാം ഇതിനനുസരിച്ച് മാറ്റേണ്ടിയിരിക്കുന്നു. പ്രസ്തുത മാപ്പിംഗിൽ 'High risk area' -കൾ ധാരാളമുണ്ട്. അതിലൊന്നാണ് മാലിദ്വീപ് (Maldives). വെള്ളം പൊങ്ങുന്ന സെന്റിമീറ്റർ കണക്കാക്കി ദ്വീപ് ഇല്ലാതാകുന്നതിന് ഒരു അവധി വച്ചിരിക്കുകയാണ്. അങ്ങനെയുള്ള ഉയർന്ന അപകട സാധ്യതയുള്ള പ്രദേശങ്ങളുടെ പട്ടികയിൽ വന്ന ഒരു സ്ഥലം എന്ന നിലയിലായിട്ടും നമ്മുടെ ആസൂത്രണത്തിൽ യാതൊരു വ്യത്യാസവുമില്ലാതെ പഴയപോലെതന്നെ മുമ്പോട്ടുപോകുകയാണ്. കാലാവസ്ഥാ വ്യതിയാനം

സംബന്ധിച്ച മുന്നറിയിപ്പുകൾ ഒരുവശത്തുണ്ടെങ്കിലും നമ്മൾ അതങ്ങനെ സൈദ്ധാന്തികമായി ചർച്ച ചെയ്തുകൊണ്ടിരിക്കുന്നുമുണ്ട്, പണ്ടേയ്ക്കുപണ്ടേ ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളൊക്കെ നമ്മൾ ചെയ്തുകൊണ്ടേയിരിക്കുന്നുമുണ്ട്. അതുകൊണ്ട് നമുക്ക് സംഭവിക്കാൻ പോകുന്ന വിഷയങ്ങളിലൊന്ന് ഡാമിന്റെ പ്രശ്നമാണ്. അതുപോലെതന്നെ മലയിടിച്ചിന്റെയും ഇടനാടിന്റെയും കടലോരത്തിന്റെയും പ്രശ്നങ്ങൾ നമുക്കുണ്ട്. നമ്മൾ എന്താണ് ചെയ്യേണ്ടതെന്ന്, വർത്തമാനകാലത്തെ വലിയൊരു പ്രശ്നമെന്നനിലയ്ക്ക് ആലോചിക്കേണ്ടി വന്നിരിക്കുന്നു. അതുകൊണ്ട് അടിയന്തര പ്രമേയം അനുവദിക്കാൻ കഴിയുന്നില്ലെങ്കിൽ മറ്റേതെങ്കിലും തരത്തിൽ ഒരു സമയം നിശ്ചയിച്ച് ഇക്കാര്യം സഭ ചർച്ച ചെയ്യേണ്ടതാണ്.

<u>മി. സ്പീക്കർ</u>: പൊതുവെ കാലാവസ്ഥ വ്യതിയാനത്തിന്റെയും പാരിസ്ഥിതിക പ്രശ്നങ്ങളുടെയും കാര്യത്തിൽ സഭയ്ക്കാകെ പൊതുവിൽ ഒരു വികാരമാണല്ലോ ഉള്ളത്. നമുക്ക് പ്രത്യേകം ഇതിനെക്കുറിച്ച് ചർച്ച ചെയ്യാമല്ലോ; കീഴ്വഴക്കമനുസരിച്ചല്ല അങ്ങ് ഇപ്പോൾ സംസാരിക്കുന്നത്. ശരി നമുക്കിനി തർക്കത്തിലേയ്ക്ക് പോകേണ്ട.....

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:</u> സർ, അതുകൊണ്ട് എനിക്ക് പറയാനുള്ളത് ഇത്രയേയുള്ളൂ. കഴിഞ്ഞ ഗവൺമെന്റിന് നേതൃത്വം കൊടുത്ത അന്നത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെയുണ്ട്. അന്ന് നടന്ന കാര്യങ്ങളാണല്ലോ ഇവിടെ പറഞ്ഞത്. അത് ഓർമ്മപ്പെടുത്താൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അവസരമുണ്ടാകും. ഞാൻ കൈകാര്യം ചെയ്തിരുന്നതാണ് റെയിൽ പ്രോജക്ട്. യു.ഡി.എഫ്.-ന്റെ കാലത്ത് ഇത് വേണമോ വേണ്ടയോ എന്ന് പഠനം നടത്തി ഒരു തീരുമാനത്തിലും എത്താൻ കഴിയാതെ അവസാനിച്ചതാണ്. ഞങ്ങളാരും റെയിൽ പ്രോജക്ടിന് എതിരല്ല. പക്ഷെ ഇന്നത്തെ കാലാവസ്ഥയിൽ എങ്ങനെയാണ് പ്രസന്റ് ചെയ്യുന്നത്. നമ്മളെ ബാധിക്കുമോ എന്ന് നോക്കണം. അത്രയേയുള്ളൂ. അതുകൊണ്ടുതന്നെ ഒരുമിച്ച് ചർച്ച ചെയ്യേണ്ട ഒരു വിഷയമാണ്. അതിന് സമയം കാണണം എന്നാണ് എന്റെ പോയിന്റ്.